©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
# (FOOD, CIVIL SUPPLIES AND CO-OPERATION)

## പീരിയോഡിക്കൽ റിപ്പോർട്ട്
## (2022 മാർച്ച് 31 വരെയുള്ളത്)
## (PERIODICAL REPORT AS ON 31ST MARCH, 2022)

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത് ]**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2022 ജൂലൈ 18-ാം തീയതി സമർപ്പിച്ചത്**
**(Presented on 18th July, 2022)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

# (FOOD, CIVIL SUPPLIES AND CO-OPERATION)

പീരിയോഡിക്കൽ റിപ്പോർട്ട്

(2022 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH, 2021)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത് ]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

1002/2022.

ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 7 |

# സബ്ജക്ട് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും)

## (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എൻ. വാസവൻ,
സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ജി. ആർ. അനിൽ,
ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. ആന്റണി ജോൺ

ശ്രീ. പി. വി. അൻവർ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി,

ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീ. എം.എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

## അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

15-ാം കേരള നിയമസഭയുടെ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2021-2023), 2021 ജൂൺ 7-ാം തീയതി രൂപീകൃതമായി. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 16-6-2021, 22-6-2021, 2-7-2021, 22-9-2021, 20-10-2021, 19-1-2022 എന്നീ തീയതികളിലായി 6 യോഗങ്ങൾ ചേർന്നു. ഇതിൽ രണ്ട് യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 4 യോഗങ്ങൾ ബില്ലുകൾ, എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായിരുന്നു.

ഈ റിപ്പോർട്ട് ഏഴ് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ അദ്ധ്യായം I-ലും സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ അദ്ധ്യായം II-ലും സമിതി പരിഗണിച്ച ചട്ടങ്ങൾ/ എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ അദ്ധ്യായം III-ലും നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം IV-ലും നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ അദ്ധ്യായം V-ലും 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശം എന്നിവ അദ്ധ്യായം VI-ലും സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം VII-ലും ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2022 ജൂലൈ 12-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. എൻ. വാസവൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2022 ജൂലൈ 12.

# റിപ്പോർട്ട്

## അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

(എ) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് 2-7-2021-ലെ സമിതി യോഗം പരിഗണിക്കുകയും 22-7-2021- ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 2-7-2021-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 26-7-2021-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 2-7-2021-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 26-7-2021-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) 2021-ലെ കേരള സഹകരണ സംഘ ( രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 25-10-2021-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

2021-ലെ കേരള സഹകരണ സംഘ ( രണ്ടാം ഭേദഗതി) ബിൽ 20-10-2021-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. -കൾ സംബന്ധിച്ച വിശദാംശം

സമിതി പരിഗണിച്ച എസ്.ആർ.ഒ.-കൾ

(എ) 1969-ലെ കേരള സഹകരണ സംഘം (ഭേദഗതി) വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 211/2021), 2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്ട് പ്രകാരമുള്ള വിജ്ഞാപനം

(എസ്.ആർ.ഒ നമ്പർ 468/2020)

പ്രസ്തുത എസ്.ആർ.ഒ-കൾ 22-9-2021-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ബി) 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ച് Kerala Targeted Public Distribution System (Control) order 2021 ആയി പുറപ്പെടുവിച്ച വിജ്ഞാപനം (എസ്.ആർ.ഒ നമ്പർ 252/2021)

പ്രസ്തുത എസ്.ആർ.ഒ. 22-9-2021-ലെ സമിതി യോഗം പരിഗണിക്കുകയും ഒന്ന് കൂടി യോഗം ചേർന്ന് വിജ്ഞാപനം കൂടുതൽ പരിശോധന നടത്തുന്നതിന് തീരുമാനിക്കുകയും അതിൻ പ്രകാരം 19-1-2022-ലെ സമിതി യോഗത്തിൽ പ്രസ്തുത വിജ്ഞാപനം വീണ്ടും പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(സി) 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ച് Kerala Targeted Public Distribution System (Control) Order 2021 ആയി പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 993/2021), സഹകരണ ചട്ടങ്ങളിൽ ജീവനക്കാർക്ക് ജനനത്തീയതി തിരുത്തുന്നതിനുള്ള വ്യവസ്ഥ -KCS ആക്റ്റിലെ Rule 197 ഭേദഗതി സംബന്ധിച്ച് (എസ്.ആർ.ഒ. നമ്പർ 365/2021), ഫിഷറീസ് വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ, സഹകരണ സംഘം നിയമത്തിലെ അനുബന്ധം III,8 എ(സി)-യിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ( എസ്.ആർ.ഒ നമ്പർ 370/2021)

പ്രസ്തുത എസ്.ആർ.ഒ.-കൾ 19-1-2022-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ഡി) കേരള ഉപഭോക്തൃ സംരക്ഷണ ചട്ടങ്ങൾ 2021

( എസ്.ആർ.ഒ നമ്പർ 359/2021)

പ്രസ്തുത എസ്.ആർ.ഒ 19-1-2022-ലെ സമിതി യോഗം പരിഗണിക്കുകയും സമിതി നിർദ്ദേശിച്ച മാറ്റങ്ങൾ പരിശോധിച്ച് റൂളിൽ വ്യക്തത വരുത്തി തയ്യാറാക്കുന്ന കരട് ചട്ടം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു .

(ഇ) മൂവാറ്റുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചു കൊണ്ടുള്ള വിജ്ഞാപനം സംബന്ധിച്ച്

(എസ്.ആർ.ഒ നമ്പർ 355/2021)

പ്രസ്തുത എസ്.ആർ.ഒ 19-1-2022-ലെ സമിതി യോഗം പരിഗണിക്കുകയും സമിതി നിർദ്ദേശിച്ച ഭേദഗതികളുടെ അടിസ്ഥാനത്തിൽ റൂളിലുള്ള പിഴവുകൾ തിരുത്തി സമിതി മുൻപാകെ സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം

റിപ്പോർട്ട് കാലയളവിൽ 235(എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(എ) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും (കാലതാമസപത്രിക സഹിതം) 2019-2020 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും (കാലതാമസ പത്രിക സഹിതം) ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ.ജി.ആർ.അനിൽ 10-6-2021-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടും കാലതാമസപത്രികയും 22-9-2021-ന് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു.

(ബി) XXX-ഭക്ഷ്യം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ.ജി.ആർ.അനിൽ 10-6-2021-ന് സഭയിൽ സമർപ്പിച്ചു.പ്രസ്തുത റിപ്പോർട്ടും കാലതാമസ പത്രികയും 22-9-2021-ന് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു.

(സി) XXVII-സഹകരണം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ബഹു.സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ.വി.എൻ.വാസവൻ 12-8-2021-ന് സഭയിൽ സമർപ്പിച്ചു.

(ഡി) XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ.ജി.ആർ.അനിൽ 16-3-2022-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം VI

(എ) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സഹകരണം, ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 25,32,33 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

### ശിപാർശ 25

2408-01-102-99—വിപണിയിടപെടൽ ശീർഷകത്തിൽ പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നതിനും പൊതുവിതരണ സംവിധാനത്തിലൂടെ AAY കാർഡുടമകൾക്ക് പഞ്ചസാര വിതരണം നടത്തുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 151.80 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിലെ ഒന്നാം, രണ്ടാം അന്തിമ ഘട്ട ഉപധനാഭ്യർത്ഥനകളിൽപ്പെടുത്തി യഥാക്രമം 292.15 കോടി രൂപ, 147.16 കോടി രൂപ, 306.21 കോടി രൂപ വീതം അധികമായി വകയിരുത്തുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത ശീർഷകത്തിൽ ടി സാമ്പത്തിക വർഷം അധിക ധനസഹായമായി തുകയൊന്നും വകയിരുത്തുകയുണ്ടായില്ല.

### ശിപാർശ 32

4408-01-800-95—സി.എഫ്.ആർ.ഡി.-യിൽ പ്രവർത്തിച്ചുവരുന്ന കോളേജ് ഓഫ് ഫുഡ് ടെക്നോളജിയിലെ വനിതാ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന

സജ്ജമാക്കുന്നതിനും മതിൽ നിർമ്മിക്കുന്നതിനും ഫർണിച്ചർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും അധിക തുക ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സി.എഫ്.ആർ.ഡി.-യുടെ കീഴിലുള്ള കോളേജ് ഓഫ് ഫുഡ് ടെക്നോളജിയിലെ വനിതാ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിലെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥന മുഖേന 80 ലക്ഷം രൂപ വകയിരുത്താനുള്ള ശിപാർശ ലഭ്യമാക്കിയിരുന്നുവെങ്കിലും തുകയൊന്നും അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ 33</u>

4408-02-101-99- Assistance for implementation of NFSA ശീർഷകത്തിൽ നിർമ്മാണം നടന്നു വരുന്ന സപ്ലൈകോയുടെ വലിയതുറ, കൊല്ലം, തിരുവല്ല, കൊച്ചി (ഇടപ്പള്ളി) എന്നീ സ്ഥലങ്ങളിലെ ഗോഡൗണുകളുടെ പൂർത്തീകരണത്തിനും പുതുതായി ഭരണാനുമതി ലഭിച്ച തിരുവല്ല, കൊച്ചി എന്നിവിടങ്ങളിൽ അഡീഷണൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിലേയ്ക്കായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 26.03 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തിലെ ഒന്നാം, രണ്ടാം അന്തിമ ഘട്ട ഉപധനാഭ്യർത്ഥനകളിൽപ്പെടുത്തി യഥാക്രമം 30.90 കോടി രൂപ, 6.78 കോടി രൂപ, 3.5 കോടി രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നു.

ടി ശീർഷകത്തിൽ സർക്കാർ ഉത്തരവ് GO(Rt.)No.7734/2019/Fin. dated 1-10-2019 പ്രകാരം 3.28 കോടി രൂപ അധിക ധനസഹായമായി വകയിരുത്തുകയും ടി തുക 28-10-2019-ലെ GO(Rt.) No.446/2019/F&CSD പ്രകാരം സപ്ലൈകോയ്ക്ക് ടി സാമ്പത്തിക വർഷം വിതരണം ചെയ്യുകയും ചെയ്തു.

[ഭക്ഷ്യപൊതുവിതരണ(ഡി) വകുപ്പിന്റെ 9-8-2021, 9-9-2021 എന്നീ തീയതികളിലെ 48957521/ഡി/2021/ഭപൊവിവ. നമ്പർ കത്ത്]

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് 22-9-2021-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം VII

## **സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിവരം**

റിപ്പോർട്ട് കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

**വി. എൻ. വാസവൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2022 ജൂലൈ 12.

അനുബന്ധം

## 22-6-2021-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI, 2021 ജൂൺ 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 4-എ സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫിഷ്യോ അംഗം ബഹു. ഭക്ഷ്യവും പൊതുവിതരണവും വകുപ്പുമന്ത്രി ശ്രീ.ജി. ആർ . അനിലും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. പി. അബ്ദുൾ ഹമീദ്., എം. എൽ. എ.
2. ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.
3. ശ്രീ. സജീവ് ജോസഫ്, എം. എൽ. എ.
4. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.
5. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എം. എൽ. എ.
6. ശ്രീ. ജി. സ്റ്റീഫൻ, എം. എൽ. എ.
7. ശ്രീ. ആന്റണി ജോൺ, എം. എൽ. എ. (ഓൺലൈൻ മുഖേന)
8. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ. (ഓൺലൈൻ മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
2. ശ്രീമതി ഹരിത വി. കുമാർ, ഡയറക്ടർ, സിവിൽ സപ്ലൈസ് വകുപ്പ്
3. ശ്രീ. കെ. ടി. വർഗീസ് പണിക്കർ, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
4. ശ്രീ. പി. എം. അലി അസ്ഗർ പാഷ, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ
5. ശ്രീ. സുബാഷ് വി., ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്
6. ശ്രീമതി റിജി. എ. സോണി, ഫിനാൻസ് ഓഫീസർ, സിവിൽസപ്ലൈസ്
7. ശ്രീ. ബി. സുനിൽ കുമാർ, മാനേജർ (ഇൻ-ചാർജ്ജ്), സപ്ലൈകോ

8. ശ്രീ. മാത്യൂ. എ. ജെ., സീനിയർ സൂപ്രണ്ട്, ഐ. ടി. സെൽ

9. ശ്രീമതി പി. വിജയലക്ഷ്മി, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

10. ശ്രീ. ഷിബു. ജി., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ് .

സമിതി, 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട XXVIII, XXX എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

3475-00-106-99.06—അളവുകളുടേയും തൂക്കങ്ങളുടേയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി.

പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലെ ഇൻസ്പെക്ടറാഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും അതിന്റെ വാടകയിനത്തിലും മറ്റുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

3475-00-106-99-21.2—അളവുകളുടേയും തൂക്കങ്ങളുടേയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പരിശോധനകളും മറ്റും തുടർച്ചയായി നടത്തേണ്ടി വരുന്നതിനാൽ സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നു. പ്രസ്തുത വാഹനങ്ങളുടെ റിപ്പയറിംഗിനും മെയിന്റനൻസിനുമായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

3475-00-106-99-45—അളവുകളുടേയും തൂക്കങ്ങളുടേയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ -പി. ഒ. എൽ.

പെട്രോളിന്റെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വകുപ്പിലെ വാഹനങ്ങളുടെ ഇന്ധന ആവശ്യങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

5475-00-800-79—ലീഗൽ മെട്രോളജി ഓഫീസിന്റെ ആധുനികവത്കരണം

കോട്ടയം ജില്ലയിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന ഓഫീസ് കെട്ടിടം, സ്റ്റാൻഡേർഡ് ലബോറട്ടറികളുടെ നിർമ്മാണം, കാസർഗോഡ് ജില്ലയിൽ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ്, ഓഫീസ് കെട്ടിടം, സ്റ്റാൻഡേർഡ് ലബോറട്ടറികളുടെ നിർമ്മാണം മുതലായ ഡെപ്പോസിറ്റ് വർക്കുകൾക്കായി മേൽ ശീർഷകത്തിൽ 4.1237 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ബഡ്ജറ്റിൽ ഇല്ലാത്ത ശീർഷകമാണിതെന്നും ഇതിനൊരു ശീർഷകം അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ശീർഷകം ഉണ്ടായിരുന്നതുകൊണ്ട് തുക അനുവദിച്ചിരുന്നെന്നും ഇപ്രാവശ്യം ശീർഷകമില്ലാതിരുന്നതുകൊണ്ടാണ് തുക അനുവദിക്കാത്തതെന്നും ബഡ്ജറ്റ് പ്രോസസ്സ് പൂർത്തിയായ ശേഷം SDT(Specified Domestic Transaction) ചോദിച്ചതുകൊണ്ടാണ് ഇത്തവണത്തെ ബഡ്ജറ്റിൽ ശീർഷകം വരാതിരുന്നതെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു. കൂടാതെ കഴിഞ്ഞ വർഷം പി. ഡബ്ല്യൂ. ഡി.-യുടെ ഹെഡ്ഡിൽ 5.26 കോടി രൂപയുണ്ടായിരുന്നുവെന്നും പി. ഡബ്ല്യൂ. ഡി. പ്രസ്തുത വർക്ക് ചെയ്യാതിരുന്നതുകൊണ്ട് ഇംപ്ലിമെന്റിംഗ് ഏജൻസിയെ മാറ്റാൻ ആവശ്യപ്പെട്ടതിനാൽ നിർമ്മിതി കേന്ദ്രത്തെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി വയ്ക്കുകയും 1.14 കോടി രൂപ നിർമ്മിതി കേന്ദ്രത്തിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തുവെന്നും പ്രസ്തുത വർക്ക് ഫൈനലൈസ് ചെയ്യാനാണ് അധിക തുക ആവശ്യപ്പെടുന്നതെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

ലീഗൽ മെട്രോളജിയിൽ അളവുതൂക്ക കൃത്യതയ്ക്ക് എന്തെങ്കിലും നൂതന സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് തൃശ്ശൂരും എറണാകുളത്തും അളവുതൂക്ക കൃത്യത മനസ്സിലാക്കുന്നതിന് പ്രത്യേകം ലാബുകൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ലാബുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്നും കൊല്ലത്തും ലാബ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും കാസർഗോഡും കോട്ടയത്തുമുള്ള ലാബുകളുടെ പ്രവർത്തനം പുരോഗമിച്ചു വരികയാണെന്നും വയനാട് ജില്ലയിൽ ലാബിനുള്ള സ്ഥലസൗകര്യം ലഭ്യമായതിനാൽ കേന്ദ്രഫണ്ടായ 2 കോടി രൂപ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണെന്നും പാലക്കാട് റവന്യൂ വകുപ്പ് മുഖേന ലാബിനായി സ്ഥലം കണ്ടെത്തി പോക്കുവരവ് നടപടികൾ ത്വരിതഗതിയിലാക്കിയിട്ടുണ്ടെന്നും പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സ്ഥലം ലഭ്യമാക്കി ലാബ് തുടങ്ങാനുള്ള നടപടികൾ സ്വികരിച്ചു വരികയാണെന്നും ഒരു ലാബ് തുടങ്ങുന്നതിന് ഏറ്റവും കുറഞ്ഞത് 15 സെന്റ് സ്ഥലം വേണ്ടിവരുമെന്നും നിലവിൽ ലാബില്ലാത്ത ജില്ലകളിൽ പുറമ്പോക്ക് ഭൂമിയുണ്ടെങ്കിൽ കണ്ടെത്തി അറിയിക്കാൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

2021 - 2022 ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ - XXX-ൽ പദ്ധതിയിനത്തിൽ 64.7201 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 2876.0624 കോടി രൂപയുമായി ആകെ 2940.7825 കോടി രൂപയാണ് വക കൊള്ളിച്ചിട്ടുള്ളതെന്നും അതിൽ 13 ശീർഷകങ്ങളിലായി ആകെ 2370.7460 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടിട്ടുള്ളതെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു.

2408-01-004-99—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (ഭക്ഷ്യഗവേഷണ വികസന കൗൺസിൽ)

എറണാകുളം ഇലഞ്ഞിയിലുള്ള എസ്റ്റാബ്ലിഷിംഗ് ഓഫ് ചിൽഡ് സ്റ്റോറേജ് ആന്റ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് ഡീഹൈഡ്രേഷൻ യൂണിറ്റിന്റെ പൂർത്തീകരണത്തിനും എസ്റ്റാബ്ലിഷ്മെന്റ് ഓഫ് സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കോന്നിയിലെ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് കോൺഫറൻസ് ഹാൾ ലൈബ്രറി ആന്റ് റീഡിംഗ് റൂം ഫോർ കോളേജ് ഓഫ് ഇൻഡിജെനസ് ഫുഡ് ടെക്നോളജി പദ്ധതിയുടെ പൂർത്തീകരണത്തിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും 4.88 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്തു.

ഇലഞ്ഞിയിലുള്ള എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ചിൽഡ് സ്റ്റോറേജ് ആന്റ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് ഡീഹൈഡ്രേഷൻ യൂണിറ്റിന്റെ കാര്യത്തിൽ വകുപ്പിന്റെ സാധ്യതയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ഭക്ഷ്യ ഇനങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിന്റെ കീഴിലാണ് C.F.R.D. രൂപീകരിച്ചതെന്നും കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടിയാണ് പ്രസ്തുത പ്രോജക്ട് ആരംഭിച്ചതെന്നും 2015-ൽ കേന്ദ്രസഹായം കിട്ടിയെങ്കിലും പ്രോജക്ട് ഇതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി. ഇലഞ്ഞിയിലെ സംസ്കരണശാല പ്രവർത്തിച്ചിരുന്നുവെങ്കിൽ ഈ കോവിഡ്കാലത്ത് മൂവാറ്റുപുഴയിലുള്ള പൈനാപ്പിൾ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം പൈനാപ്പിൾ അവിടെ സംഭരിക്കാൻ സാധിക്കുമായിരുന്നുവെന്നും പ്രസ്തുത സംഭരണശാല പ്രവർത്തനക്ഷമമായാൽ ആ ഭാഗത്തെ കർഷകരുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നും സപ്ലൈകോ എം.ഡി. സമിതിയെ അറിയിച്ചു. ദശാബ്ദങ്ങൾക്ക് മുമ്പ് കോടികൾ മുടക്കി സ്ഥാപിച്ച മൂവാറ്റുപുഴയിലെ യൂറോപ്യൻ മാർക്കറ്റിൽ സംഭരിക്കാനുള്ള എല്ലാ സൗകര്യവുമുണ്ടായിട്ടും പഴമോ പച്ചക്കറികളോ ഒന്നും തന്നെ അവിടെ

സംഭരിക്കുന്നില്ലെന്നും നിലവിലുള്ള സംവിധാനത്തെ നമുക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് കണ്ടെത്തണമെന്ന സമിതി നിർദ്ദേശത്തിന് അതിനെ കുറിച്ച് പഠിക്കാമെന്ന് സപ്ലൈകോ എം.ഡി. സമിതിയ്ക്ക് ഉറപ്പ് നൽകി.

CFRD ഒരു പ്രൊജക്റ്റ് മാത്രമാണോ ഏറ്റെടുത്തിട്ടുള്ളതെന്ന് സമിതി ആരാഞ്ഞതിന്, CFRD സ്റ്റാൻഡേർഡ് ഡൈവേർഷനുവേണ്ടിയും ടെസ്റ്റ് നടത്തുന്നുണ്ടെന്നും കൂടാതെ വാല്യൂ അഡീഷനുവേണ്ടിയും 3 മാസത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നുണ്ടെന്നും CFRD യുടെ പ്രവർത്തനത്തെ കുറിച്ച് സമിതി മുമ്പാകെ ഒരു പ്രസന്റേഷൻ നടത്താമെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരളത്തിൽ ക്യാൻസർ രോഗം വ്യപിക്കുന്ന സാഹചര്യത്തിൽ കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് 'safe to eat' എന്ന കേരള ഗവൺമെന്റിന്റെ സർട്ടിഫിക്കേഷനോ, സ്റ്റാമ്പിംഗോ നൽകിയാൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ലെന്നും ജനങ്ങൾക്ക് വിഷരഹിതമായ ഉൽപ്പന്നങ്ങൾ വാങ്ങാൻ സാധിക്കുമെന്നും സമിതി വിലയിരുത്തി. ഭക്ഷ്യ വകുപ്പ് ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ഭക്ഷ്യ വസ്തുക്കളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനു പദ്ധതികൾ രൂപീകരിക്കണമെന്നും ഇതുവഴി ഉൽപ്പന്നങ്ങൾ ഭക്ഷ്യയോഗ്യാമാണെന്ന് തെളിയിക്കാനും കർഷകരെ പ്രോത്സാഹിപ്പിക്കാനും സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ - സബ്സിഡികൾ

കേരളത്തിൽ നെൽ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, കേരളത്തിലെ ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച്, പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് കർഷകരിൽ നിന്ന് നേരിട്ട് ഏറ്റെടുത്ത്, ആയതിന് PRS Loan മുഖേന കർഷകരുടെ ബാങ്ക് അക്കൗണ്ടിലൂടെ നെല്ലിന്റെ സംഭരണ വില നൽകുകയും കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് നവീന സംസ്കരണ ശാലകളിൽ ഇരുപ്പുഴക്കൽ രീതിയിൽ കുത്തി അരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് നൽകി വരികയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 485.15 കോടി രൂപ ധനപുനർവിനിയോഗം വഴിയോ അധികമായി ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

നെല്ല് സംസ്കരണ മില്ലുകളിൽ കൂടുതലും സ്വകാര്യമില്ലുകളല്ലേ എന്ന് സമിതി ആരാഞ്ഞതിന് 56 മില്ലുകളിൽ 2 എണ്ണം ഗവൺമെന്റിന്റെ അധീനതയിൽ ആണെന്ന് സപ്ലൈകോ എം.ഡി. മറുപടി നൽകി. നെല്ല് സംസ്കരണം നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ ഏൽപ്പിക്കുന്നതാണ് ഉചിതമെന്നും കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലുമായി 2 മില്ലുകൾ ആരംഭിക്കണമെന്നും നെല്ല് സംഭരണത്തിനും സംസ്കരണത്തിനും വിതരണത്തിനുമായി ഒരു സംഘം സംസ്ഥാനാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യണമെന്നും തമിഴ്നാട്ടിൽ ഈ രീതിയിലുള്ള സംരംഭം നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും സഹകരണ സംഘങ്ങൾ നൽകുന്ന അരിയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതെന്നും അങ്ങനെയായാൽ കർഷകരുടെ പ്രശ്നം പരിഹരിക്കപ്പെടുമെന്നും സമിതി അഭിപ്രായപ്പെട്ടു.

2408-01-101-94—<u>റേഷൻ സബ്സിഡി</u>

റേഷൻ അരി, ഗോതമ്പ് എന്നിവ സംസ്ഥാന സർക്കാർ സബ്സിഡി നൽകി വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനും എ. ആർ. ഡി. കമ്മീഷൻ, റേഷൻ അരിയുടേയും ഗോതമ്പിന്റെയും ഗതാഗത/കൈകാര്യ ചെലവുകൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 760.45 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സാധനങ്ങൾ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് റേഷൻ കടകളിൽ നേരിട്ട് എത്തിക്കുകയാണോ ചെയ്യുന്നതെന്ന് സമിതി ആരാഞ്ഞപ്പോൾ NSFA ആക്ട് 2017-ൽ ഇംപ്ലിമെന്റ് ചെയ്തതു മുതൽ വാതിൽപ്പടി വിതരണം ഒരു മാനദണ്ഡമാണെന്നും ഫുഡ് കോർപ്പറേഷന്റെ ഗോഡൗണിൽ നിന്നും ധാന്യമെടുത്ത് റേഷൻ കടകളിൽ എത്തിക്കുകയാണ് ചെയ്യുന്നതെന്നും ഇന്ത്യയിലുള്ളതിൽ ഏറ്റവും നല്ല പൊതുവിതരണ സംവിധാനമാണ് കേരളത്തിലുള്ളതെന്നും റേഷൻകടയിലെന്തൊക്കെ സാധനമുണ്ടെന്ന് ജനങ്ങൾക്ക് അറിയാനും സാധനം വാങ്ങിയാലുടൻ SMS സന്ദേശം ലഭിക്കുകയും ചെയ്യണമെന്നും ധാന്യത്തിന്റെ തൂക്കം ഉറപ്പാക്കുന്നതിനുള്ള പുതിയ ഒരു പ്രോജക്ട് ഈ വർഷം നടപ്പാക്കുമെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ആയിരത്തിലധികം റേഷൻ കാർഡുകൾ ഉള്ള കടകളിൽ വളരെയധികം തിരക്ക് അനുഭവപ്പെടുന്നതായും കോവിഡിന്റെ പശ്ചാത്തലത്തിൽ പുതിയ റേഷൻ കടകൾ ആരംഭിക്കുന്നത് ഉചിതമായിരിക്കുമെന്നും സസ്പെന്റ് ചെയ്യപ്പെട്ട റേഷൻ കടകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി ഉണ്ടാവണമെന്നും കോവിഡ് വാക്സിനേഷൻ നൽകുന്നതിൽ റേഷൻ ചില്ലറ വ്യാപാരികൾക്ക് മുൻഗണന നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കോവിഡിനെതുടർന്ന് മരണപ്പെട്ട റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ നിലവിൽ 40,000 രൂപയുടെ ധനസഹായമാണ് നൽകുന്നതെന്നും തുകയിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നും സെക്രട്ടറി അറിയിച്ചു.

റേഷൻകാർഡ് എ.ടി.എം. കാർഡിന്റെ മാതൃകയിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും One nation one ration Card എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് സമിതി ചോദിച്ചപ്പോൾ one nation one ration card പദ്ധതി 100 ശതമാനവും നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളമെന്നും ഇന്ത്യയിലെ നാല് സംസ്ഥാനങ്ങളൊഴികെ മറ്റ് സംസ്ഥാനങ്ങളെല്ലാം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും റേഷൻ കാർഡുണ്ടെങ്കിൽ എവിടെനിന്നും റേഷൻ വാങ്ങാൻ സാധിക്കുമെന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 14 ഇനം അവശ്യ സാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. വിപണിയിടപെടൽ, സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ഇനങ്ങളിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 1073.24 കോടി രൂപ അധികമായി ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരളത്തിൽ എവിടെയെങ്കിലും ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പ്, മാർക്കറ്റ് എം.ആർ.പി, ടെസ്റ്റിംഗ് കേസുകൾ എന്നിവ ഐഡന്റിഫൈ ചെയ്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, റവന്യൂ, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് ഓരോ ആഴ്ചയിലും വിപണിയിലുണ്ടാകുന്ന വിലക്കയറ്റം പരിശോധിക്കുന്നുണ്ടെന്നും വ്യാപാരികൾക്കുണ്ടായിരുന്ന സ്റ്റോക്ക് ലിമിറ്റ് ഇപ്പോൾ എടുത്തുമാറ്റിയിരിക്കുന്നതുമൂലം hoarding issue-ൽ ഇടപെടാൻ ബുദ്ധിമുണ്ടെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു.

2408-01-190-92—സപ്ലൈകോയുടെ വില്പന കേന്ദ്രങ്ങൾ നവീകരിക്കൽ

സപ്ലൈകോയുടെ ചില്ലറ വിൽപ്പനശാലകൾ നവീകരിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 8.57 കോടി രൂപ ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈപ്പർമാർക്കറ്റിന്റെയും സൂപ്പർമാർക്കറ്റിന്റെയും നിലവാരത്തിൽ സപ്ലൈകോ ഔട്ട്‌ലറ്റുകൾ രൂപീകരിക്കണമെന്നും ഔട്ട്‌ലറ്റിലൂടെ വിൽക്കുന്ന സാധനങ്ങൾ ബ്രാന്റ് ചെയ്യുന്നതിനുള്ള സൗകര്യം ചെയ്യണമെന്നും ഹോംഡെലിവറി നടത്തുന്നതിനുള്ള ശ്രമം നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ദേശീയ ഉപഭോക്തൃദിനാഘോഷത്തോടനുബന്ധിച്ച് സെമിനാറുകൾ, ചർച്ചകൾ, മുഖാമുഖം ശില്പശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളും സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരപരിപാടികളും സംഘടിപ്പിക്കുന്നതിനായി അധിക തുക ആവശ്യമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ രണ്ടരലക്ഷം രൂപ ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

3456-00-001-89-34 —ഫുഡ് അഡ്വൈസറി കമ്മിറ്റി - മറ്റ് ചെലവുകൾ

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013, സംസ്ഥാന ഭക്ഷ്യഭദ്രത ചട്ടം 2018 എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച സംസ്ഥാനതല വിജിലൻസ് സമിതി വർഷത്തിൽ 4 പ്രാവശ്യം യോഗം ചേരേണ്ടതിനാൽ യോഗത്തിന്റെ ചെലവുകൾക്കായി 5 ലക്ഷം രൂപ വീതം 20 ലക്ഷം രൂപ അധിക ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ശീർഷകത്തിൽ 19.5 ലക്ഷം രൂപ ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ഫുഡ് അഡ്വൈസറി കമ്മിറ്റികളുടെ ഘടന എങ്ങനെയെന്ന് സമിതി ആരാഞ്ഞതിന് ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽസപ്ലൈസും മന്ത്രി ചെയർമാനായ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ/ഫുഡ് അഡ്വൈസറി കമ്മിറ്റിയിൽ എം.പി.-മാരും എം.ൽ.എ മാരും ഭക്ഷ്യരംഗത്ത് പ്രവർത്തിക്കുന്നവരുൾപ്പെടെയുള്ള 42 അംഗങ്ങളുണ്ടെന്നും എ.ആർ.ഡി ലെവലിലുള്ള കമ്മിറ്റിയുടെ ചെയർമാൻ താലൂക്ക് സപ്ലൈ ഓഫീസറാണെന്നും ഡിസ്ട്രിക്ട് കളക്ടറാണ് ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റിയുടെ ചെയർമാനെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു.

3456-00-001-78—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി ഇ-പോസ് മെഷീനുകളുടെ സ്ഥാപനം, കമ്മീഷണറേറ്റ്, ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളുടെ നവീകരണവും കമ്പ്യൂട്ടർ വൽക്കരണവും ഭക്ഷ്യധാന്യവിതരണവുമായി ബന്ധപ്പെട്ട എസ്.എം.എസ്. കോസ്റ്റ്, ജി.പി.എസ്. ട്രാക്കിംഗ് സൗകര്യം സ്ഥാപിക്കാൻ സപ്ലൈകോയ്ക്ക് നൽകുന്ന സഹായം, സോഷ്യൽ ഓഡിറ്റ്, വിവിധ മേഖലകളിൽ ഉള്ളവർക്ക് ബോധവൽക്കരണം തുടങ്ങിയവയ്ക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ

5.15 കോടി രൂപ അധികമായി ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-001-77—പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യം വികസനം

സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾക്ക് വാഹനങ്ങൾ വാങ്ങൽ, ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തൽ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-104-99—കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃ ക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ

ഉപഭോക്തൃ ശാക്തീകരണ/ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.176 കോടി രൂപ അധികമായി ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4408-01-800-97—പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം

കൊച്ചി താലൂക്ക് സപ്ലൈ ഓഫീസ്, കൊച്ചി സിറ്റി റേഷനിംഗ് ഓഫീസ് എന്നിവയുടെ നിർമ്മാണ പ്രവർത്തന പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി അധിക ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4408-01-800-95—ഭക്ഷ്യ ഗവേഷണത്തിനും വികസനത്തിനുമുള്ള കൗൺസിൽ

സി.എഫ്.ആർ.ഡി യിൽ പ്രവർത്തിച്ചുവരുന്ന കോളേജ് ഫോർ ഫുഡ് ടെക്നോളജിയിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മിക്കൽ പദ്ധതി പൂർത്തീകരിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതത്തിനു പുറമേ 15 ലക്ഷം രൂപ അധികമായി ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4408-02-101-99—ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള കൊല്ലം, തിരുവല്ല, കൊച്ചി, ഇടപ്പള്ളി എന്നിവിടങ്ങളിലെ ഗോഡൗൺ നിർമ്മാണ പ്രവർത്തനത്തിനും നിർമ്മാണം നടക്കുന്ന കൊല്ലം, കൊച്ചി, തിരുവല്ല ഗോഡൗണുകളിൽ നിയമപ്രകാരമുള്ള അഗ്നിശമന ഉപാധികൾ സ്ഥാപിക്കുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30.26 കോടി രൂപ അധികമായി ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

II 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 1686/സബ്.സി.ജി1/2020/നി.സെ)

2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 26, 28, 29, 33 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും 22, 23, 24, 30, 32 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉപഭോക്തൃകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 2021 ജൂലൈ 2-ാം തീയതി കൂടുന്നതിന് തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് 12.15-ന് അവസാനിച്ചു.

## 2-7-2021-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2021 ജൂലൈ 2- ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും പൊതുവിതരണവും വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിലും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

1. ശ്രീ. പി. അബ്ദുൾ ഹമീദ്, എം.എൽ.എ
2. ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ
3. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ
4. ശ്രീ. സജീവ് ജോസഫ്, എം.എൽ.എ
5. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ
6. ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ
7. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ ( ഓൺലൈൻ മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീ. അബ്ദുൾനാസർ എം., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി. മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. പി. ബി. നൂഹ്, രജിസ്ട്രാർ ഓഫ് കോ - ഓപ്പറേറ്റീവ് സൊസൈറ്റീസ്.

സമിതി 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കരട് റിപ്പോർട്ടുകൾ എന്നിവ പരിഗണിക്കുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 1 മുതൽ 21 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 1686/സബ്.സി.ജി1/2020/നി.സെ)

ശിപാർശ 5-ൽ സൂചിപ്പിച്ച റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതെങ്ങനെയാണെന്നും ഈ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡമെന്താണെന്നും സമിതി ആരാഞ്ഞതിന്, വ്യക്തിപരമായി അർഹത തിട്ടപ്പെടുത്തി സംഘങ്ങളുടെ ശിപാർശ പ്രകാരം ജില്ലാതല കമ്മിറ്റി ശിപാർശ ചെയ്യുന്ന അപേക്ഷകളാണ് പരിഗണിക്കുന്നതെന്നും കഴിഞ്ഞ വർഷമാണ് ഏറ്റവും കൂടുതൽ പ്രോസസിംഗ് നടന്നിട്ടുള്ളതെന്നും മരണപ്പെടുകയോ അല്ലെങ്കിൽ ഗുരുതുമായ അസുഖം ബാധിക്കുകയോ ചെയ്യുവർക്ക് റിസ്ക് ഫണ്ട് ലഭിക്കണമെങ്കിൽ കുടിശ്ശിക വരുത്താതെ വായ്പ അടച്ചിരിക്കണമെന്നും വകുപ്പുസെക്രട്ടറി അറിയിച്ചു. ഗുരുതരമായ രോഗം ബാധിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത കേസുകളിൽ റിസ്ക് ഫണ്ട് ലഭിക്കാനുള്ള മാനദണ്ഡങ്ങളിൽ ഇളവുകൾ നൽകിക്കൊണ്ട് അനുവദിക്കാവുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുന്നതിനു മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു. ജില്ലാടിസ്ഥാനത്തിൽ എത്ര അപേക്ഷകൾ പ്രോസസ് ചെയ്തിട്ടുണ്ടെന്നും എത്രയെണ്ണം പെൻഡിംഗിലുണ്ടെന്നുമുള്ള വിശദമായ സ്റ്റേറ്റ്മെന്റ് സമിതിയ്ക്ക് ലഭ്യമാക്കാമെന്ന് വകുപ്പ് സെക്രട്ടറി ഉറപ്പു നൽകി. തുടർന്ന് 1 മുതൽ 21 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

II. 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 9171/സബ്.സി.ജി1/2021/നി.സെ)

III. 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1686/സബ്.സി.ജി1/2020/നി.സെ)

IV. 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 8219/സബ്.സി.ജി1/2021/നി.സെ)

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് പിരിഞ്ഞു.

## 22-9-2021-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI 2021 സെപ്റ്റംബർ മാസം 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിലും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.,
2. ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.,
3. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.,
4. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ.,
5. ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.,
6. ശ്രീ. ആന്റണി ജോൺ, എം.എൽ.എ., (ഓൺലൈൻ മുഖേന)
7. ശ്രീ. സജീവ് ജോസഫ്, എം.എൽ.എ., (ഓൺലൈൻ മുഖേന)
8. ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ., (ഓൺലൈൻ മുഖേന)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

<u>പങ്കെടുത്ത ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ് (ഓൺലൈൻ മുഖേന)
2. ഡോ. ഡി. സജിത് ബാബു, കമ്മീഷണർ ആന്റ് ഡയറക്ടർ, സിവിൽ സപ്ലൈസ് വകുപ്പ്
3. ശ്രീ. പി. ബി. നൂഹ്, രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി
4. ശ്രീ. കെ. ടി. വർഗ്ഗീസ് പണിക്കർ, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
5. ശ്രീ. അബ്ദുൽ മജീദ് കക്കോട്ടിൽ, അഡീഷണൽ സെക്രട്ടറി, സിവിൽ സപ്ലൈസ് വകുപ്പ്

6. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

7. ശ്രീ. റ്റി. പി. സലിംകുമാർ, ജനറൽ മാനേജർ, സപ്ലൈകോ

8. ശ്രീ. അലി അസ്ഗർ പാഷ, പി.എം., ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, (ഓൺലൈൻ മുഖേന)

I. സമിതി 211/2021, 468/2020, 252/2021 എന്നീ എസ്.ആർ.ഒ. കൾ പരിഗണനയ്ക്കെടുക്കുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. 1969-ലെ കേരള സഹകരണ സംഘം (ഭേദഗതി) വിജ്ഞാപനം - (എസ്.ആർ.ഒ. നമ്പർ 211/2021)

(ഫയൽ നമ്പർ 5406/സബ്.സി.ജി1/2021/നി.സെ)

ബഹു. ഹൈക്കോടതിയുടെ ഒരു കേസിന്റെ വിധിന്യായപ്രകാരം 'അപെക്സ്/ ഫെഡറൽ സംഘങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ അംഗ സംഘങ്ങളിലെ പ്രതിനിധികൾ, അവരെ പ്രതിനിധിയായി തിരഞ്ഞെടുത്ത ബന്ധപ്പെട്ട ഭരണ സമിതി തീരുമാനത്തിന്റെ "ശരിപകർപ്പ്" എന്ന രേഖപ്പെടുത്തലോടുകൂടി സംഘത്തിന്റെ/ ബാങ്കിന്റെ പ്രസിഡന്റ്/സെക്രട്ടറിയും അതാത് ഭരണസമിതിയിലെ രണ്ട് ഭരണസമിതി അംഗങ്ങളും ചേർന്ന് സാക്ഷ്യപ്പെടുത്തിയും നാമനിർദ്ദേശം ചെയ്യപ്പെടുന്ന പ്രതിനിധിയുടെ കയ്യൊപ്പ് രേഖപ്പെടുത്തി സംഘത്തിന്റെ/ബാങ്കിന്റെ ഔദ്യോഗിക മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയും കൂടാതെ സംഘത്തിന്റെ/ബാങ്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന പ്രതിനിധിയുടെ കൈയൊപ്പ് സംഘത്തിന്റെ/ബാങ്കിന്റെ പ്രസിഡന്റ്/ സെക്രട്ടറി "അറ്റസ്റ്റഡ് " എന്ന രേഖപ്പെടുത്തലും കൈയ്യൊപ്പോടും കൂടി സംഘത്തിന്റെ/ ബാങ്ക് ഔദ്യോഗിക മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയും നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന ' സർക്കുലർ നിർദ്ദേശം കേരള സഹകരണ സംഘം ചട്ടം 35(എ)(6)(ബി)യിലെ നിലവിലെ പ്രൊവിഷന്റെ ശേഷം ഉൾപ്പെടുത്തുന്നതിന് എസ്.ആർ.ഒ.നമ്പർ 211/2021 ആയി പുറപ്പെടുവിച്ച വിജ്ഞാപനം സമിതിയുടെ സാധൂകരണത്തിനായി സമർപ്പിച്ചിരിക്കുന്നുവെന്ന് സഹകരണ വകുപ്പ് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് അപ്പെക്സ് സംഘത്തിൽ നാമനിർദ്ദേശപത്രിക സമർപ്പിക്കണമെന്നുണ്ടെങ്കിൽ ഏത് സഹകരണ സംഘത്തിൽ നിന്നാണോ വരുന്നത് ആ സഹകരണസംഘത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി അറ്റസ്റ്റ് ചെയ്യണമെന്നുണ്ടെന്നും റെസല്യൂഷനുമായി ബന്ധപ്പെട്ട കാര്യങ്ങളുണ്ടെങ്കിൽ മാത്രമേ നോമിനേഷൻ വാലിഡ് ആകുകയുള്ളൂവെന്നും നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിന്, മുമ്പും ഇത്തരം കാര്യങ്ങൾ ചെയ്യേണ്ടിവന്നിരുന്നുവെന്നും സമിതി വ്യക്തമാക്കി. ഇത് സംബന്ധിച്ച് നേരത്തേ നിലവിലുണ്ടായിരുന്ന സഹകരണ രജിസ്ട്രാറുടെ

സർക്കുലറിന് നിയമപരമായ സാധുത ലഭിക്കുന്നതിന് വേണ്ടിയാണ് ഇത്തരമൊരു പ്രൊവൈസോ കൂട്ടിച്ചേർത്തതെന്ന സഹകരണ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം ശരിവച്ച സമിതി പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം സാധൂകരിക്കുകയും ചെയ്തു.

(2) 2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്ട് പ്രകാരമുള്ള എസ്.ആർ.ഒ. വിജ്ഞാപനം (എസ്.ആർ.ഒ.നമ്പർ 468/2020)

(ഫയൽ നമ്പർ 1428/സബ്.സി.ജി1/2019/നി.സെ.)

കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായുണ്ടായ മാറ്റങ്ങൾക്കനുയോജ്യമായ രീതിയിൽ അവയെ നിയന്ത്രിക്കുന്നതിനും രൂപീകരിക്കുന്നതിനുമായി സഹകരണ നിയമത്തിൽ വകുപ്പുകൾ കൂട്ടിച്ചേർത്തുകൊണ്ട് പുറപ്പെടുവിച്ചതാണ് പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനമെന്നും ജില്ലാ സഹകരണ ബാങ്കുകളുടെ ലയനത്തോടനുബന്ധിച്ച് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഭരണസമിതി അടിയന്തരമായി രൂപീകരിക്കേണ്ട സാഹചര്യം സംജാതമായിരുന്നതിനാലാണ് ഈ വിഷയം സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കാതെ എസ്.ആർ.ഒ. പുറപ്പെടുവിക്കേണ്ടിവന്നതെന്നും ആയത് പരിഗണിച്ച് മേൽ നടപടി സാധൂകരിച്ച് നൽകണമെന്നും വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം സമിതി സാധൂകരിച്ചു.

3) 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ച് Kerala Targeted Public Distribution System (Control) order 2021 ആയി പുറപ്പെടുവിച്ച വിജ്ഞാപനം (എസ്.ആർ.ഒ.നമ്പർ 252/2021)

(ഫയൽ നമ്പർ 14291/സബ്.സി.ജി1/2021/നി.സെ)

2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ചുവടുപിടിച്ച് 2015-ൽ പുറപ്പെടുവിച്ച Kerala Targeted Public Distribution System (Control) order -ലെ ഖണ്ഡിക 9-ൽ ഓരോ സംസ്ഥാനവും അതിന്റെ മാതൃക പിൻതുടർന്നുകൊണ്ട് വാതിൽപ്പടി വിതരണം നടത്തുന്നതിനുള്ള നിയമമുണ്ടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും അതിന്റെ ഭാഗമായി കേരളത്തിലുണ്ടാക്കിയ നിയമമാണ് Kerala Targeted Public Distribution System order 2021 എന്നും 1966-ലെ കേരള റേഷനിംഗ് ഓർഡറിനു ശേഷം പുറപ്പെടുവിച്ചിട്ടുള്ള ധാരാളം കൂട്ടിച്ചേർക്കലുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുറപ്പെടുവിച്ച സമഗ്രമായ Kerala Targeted Public Distribution System Order 2021 ആണ് സമിതിയുടെ സാധൂകരണത്തിനായി സമർപ്പിച്ചിരിക്കുന്നതെന്നും സിവിൽ സപ്ലൈസ് വകുപ്പ് കമ്മീഷണർ ആന്റ് ഡയറക്ടർ വ്യക്തമാക്കി.

റേഷൻകടകളിലെ സെയിൽസ്മാൻമാർക്ക് ലൈസൻസിന് അപേക്ഷിക്കുമ്പോൾ മുൻഗണന ലഭിക്കുമോ എന്നും യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞതിന് വനിതകൾ-20, എസ്.സി-8, എസ്.റ്റി-2, ഭിന്നശേഷിക്കാർ -5, എന്ന വിധത്തിൽ 35 ശതമാനം സംവരണം പാലിച്ചുകൊണ്ട് മാത്രമാണ് സെയിൽസ് മാൻമാർക്ക് ലൈസൻസ് നൽകുന്നതെന്നും ഇതിൽ വരുന്ന സെയിൽസ്മാന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതകൾ 21 വയസ്സ് പൂർത്തിയാക്കിയിരിക്കണമെന്നും 62 വയസ്സ് അധികരിക്കരുതെന്നും, പത്താം ക്ലാസ് പാസ്സായിരിക്കണമെന്നുമാണെന്നും എസ്.സി/എസ്.റ്റി വിഭാഗങ്ങളിലെ അർഹരായ അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് തഹസീൽദാർ അംഗീകരിക്കണമെന്നും റേഷൻകട ലൈസൻസ് സംബന്ധിച്ച സോൾവൻസി പൊതുവിഭാഗത്തിന് ഒരു ലക്ഷം രൂപയും എസ്.സി/എസ്.റ്റി സ്വയംസഹായ സംഘങ്ങൾക്ക് 50,000 രൂപയായും നിജപ്പെടുത്തിയിട്ടുണ്ടെന്നും ഭക്ഷ്യവകുപ്പ് മന്ത്രി മറുപടി നൽകി.

ഒരു റേഷൻഷോപ്പിലെ സെയിൽസ്മാനെ ആ റേഷൻ ഷോപ്പിലേയ്ക്ക് മാത്രമാണോ പരിഗണിക്കുന്നതെന്നും എവിടെ അപേക്ഷിച്ചാലും സെയിൽസ്മാനുള്ള മുൻഗണ ലഭിക്കുമോയെന്നും സമിതി ആരാഞ്ഞതിന് ജനറൽ കാറ്റഗറിയിൽ അപേക്ഷിക്കാമെന്നും അയാൾ താമസിക്കുന്ന വാർഡിലേക്ക് മാത്രമേ മുൻഗണന ലഭിക്കുകയുള്ളൂ എന്നും കമ്മീഷണർ & ഡയറക്ടർ (സിവിൽ സപ്ലൈസ് വകുപ്പ്) മറുപടി നൽകി. ഈ പ്രൊവിഷന് വ്യക്തതയില്ലെന്നും മുൻഗണന നൽകുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും Jurisdiction വ്യക്തമാക്കിയിട്ടില്ലെന്നും പ്രയോറിറ്റി നിശ്ചയിക്കുന്നതിനെപ്പറ്റി മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്തുള്ള ഒരാൾക്ക് കോട്ടയത്ത് അപേക്ഷിക്കാൻ സാധിക്കില്ലെന്ന് എങ്ങനെ പറയാൻ കഴിയുമെന്നും തിരുവനന്തപുരം കോർപ്പറേഷനിലെ റേഷൻ ഷോപ്പിൽ ഒഴിവുണ്ടാകുമ്പോൾ സെയിൽമാന് ആ കോർപ്പറേഷനിലെ എല്ലാ റേഷൻ ഷോപ്പുകളിലേയ്ക്കും അപേക്ഷിക്കാൻ സാധിക്കുമോ എന്നും സമിതി ആരാഞ്ഞു. നിയമം അനുസരിച്ച് പ്രയോറിറ്റിയിലുൾപ്പെടുന്ന ആളുകൾക്ക് മാത്രമേ അപേക്ഷിക്കുവാൻ കഴിയൂവെന്നും ജനറൽ കാറ്റഗറിയിൽ അപേക്ഷിക്കുന്ന ആളിന് മുൻഗണന നൽകാൻ മാത്രമേ കഴിയൂ എന്നും ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രി യോഗത്തിൽ അറിയിച്ചു. കൂടാതെ അപേക്ഷകൻ അപേക്ഷ നൽകുന്നതിനു മുമ്പുള്ള മൂന്നു വർഷക്കാലം റേഷൻകട സ്ഥിതിചെയ്യുന്ന പ്രദേശത്തെ താമസക്കാരനായിരിക്കണമെന്നും റേഷൻകട സ്ഥിതി ചെയ്യുന്ന വാർഡിലെ താമസക്കാരനാണ് മുൻഗണനയെന്നുമാണ് വിജ്ഞാപനത്തിലെ അദ്ധ്യായം IV-ൽ ഖണ്ഡിക 28(6)-ൽ പറയുന്നതെന്നും സിവിൽ സപ്ലൈസ് ഡയറക്ടർ വ്യക്തമാക്കി.

വിജ്ഞാപനത്തിലെ ഖണ്ഡിക 27-ഉം 28-ഉം കണക്ക് ചെയ്യാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി ഖണ്ഡിക 27 priority in allotment of fair price Shop എന്നതിലെ പ്രയോരിറ്റി എങ്ങനെയാണ് കൊടുക്കുന്നതെന്ന് ആരാഞ്ഞതിന്

(1) സ്വയം സഹായസംഘങ്ങൾ/വനിതാ പ്രവർത്തക സംഘങ്ങൾ, വനിതാ കൂട്ടായ്മകൾ

(2) പഞ്ചായത്തുകൾ

(3) സഹകരണ സംഘങ്ങൾ

(4) വിമുക്തഭടൻമാർ

(5) അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ

(6) 10 വർഷത്തിൽ കുറയാത്ത പരിചയം ലഭിച്ച സെയിൽസ്മാൻമാർ എന്നതിലെ അഞ്ച് വിഭാഗത്തിലുൾപ്പെട്ടിട്ടുള്ള അപേക്ഷകരില്ലെങ്കിൽ ആറാമതായി പ്രയോറിറ്റി കിട്ടുമെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ അറിയിച്ചു.

ഒരേ കാറ്റഗറിയിലുള്ള ആളുകളുടെ അപേക്ഷകൾ ലഭിക്കുമ്പോൾ 15 വർഷത്തെ എക്സ്പീരിയൻസുള്ള സെയിൽസ്മാനുണ്ടെങ്കിൽ അവർക്ക് പരിഗണന കൊടുക്കണമെന്നും റിസർവേഷൻ കാര്യത്തിൽ നമുക്കൊന്നും ചെയ്യാൻ കഴിയില്ലെന്നും സെൻട്രൽ ആക്ട് അനുസരിച്ചാണ് കേരളത്തിൽ ഇത് നടപ്പാക്കുന്നതെന്നും വകുപ്പുമന്ത്രി അറിയിച്ചു.

Educated Unemployed Persons എന്ന കാറ്റഗറിയെ എങ്ങനെ നിർവ്വചിക്കാൻ സാധിക്കുമെന്ന് സമിതി ആരാഞ്ഞതിന് ലഭിക്കുന്ന അപേക്ഷകളിൽ വിദ്യാഭ്യാസ യോഗ്യത കൂടുതലുള്ള തൊഴിൽ രഹിതനായിട്ടുള്ള അപേക്ഷകന് പ്രയോറിറ്റി കിട്ടുമെന്നും വകുപ്പുമന്ത്രി അറിയിച്ചു.

പ്രസ്തുത വിജ്ഞാപനത്തിലെ സെയിൽസ്മാൻമാരുടെ പ്രയോറിറ്റി നിശ്ചയിക്കുന്നതു സംബന്ധിച്ച Para 27-ലെ prority in Allotment of fair priceshop, para 28-ലെ eligibility for grant of licence to individual applicants എന്നീ വ്യവസ്ഥകളിലുള്ള അവ്യക്തതകൾ നീക്കുന്നതിന് ഒന്ന് കൂടി യോഗം ചേർന്ന് ടി വിജ്ഞാപനം കൂടുതൽ പരിശോധന നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും സമിതി തീരുമാനിച്ചു.

(II) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 3357/സബ്.സി.ജി1/2019/നി.സെ)

പ്രസ്തുത റിപ്പോർട്ടിലെ ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 25, 32, 33 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും ഖണ്ഡിക 25-ൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിൽ ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക വകയിരുത്തിയിട്ടില്ലെന്ന് പറഞ്ഞിരിക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വിപണിയിടപെടലിന്റെ ഭാഗമായി 13 ഇനം സാധനങ്ങൾ ഒരു വർഷം നൽകുന്നുണ്ടെന്നും ഒരു വർഷം ഏകദേശം 400 കോടി രൂപ സപ്ലൈകോ അതിനായി വഹിക്കുന്നുണ്ടെന്നും സൗജന്യ കിറ്റ് നൽകിയതും വിപണിയിടപെടൽ എന്ന ഹെഡ് മുഖേനയാണെന്നും 13 ഐറ്റം നൽകുന്നതിൽ വരുന്ന സപ്ലൈകോയുടെ നഷ്ടം നികത്തുന്നത് മാർക്കറ്റ് ഇന്റർവെൻഷൻ പ്രോഗ്രാം എന്ന ഹെഡ്ഡിൽ വരുന്ന പ്ലാൻ ഫണ്ടിൽ നിന്നാണെന്നും അതിൽ 151 കോടി രൂപ വകയിരുത്തുന്നതിനു വേണ്ടിയാണ് അധിക തുക ആവശ്യപ്പെട്ടിട്ടുള്ളതെന്നും സപ്ലൈകോ ചെയർമാൻ അറിയിച്ചു.

ഖണ്ഡിക 33-ലെ നടപടി സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് 2019-20 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല, എന്നും 2020-21-ൽ 12.5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വലിയതുറ ഗോഡൗണിന്റെ ഉദ്ഘാടനം കഴിഞ്ഞുവെന്നും കൊല്ലം ഗോഡൗണിന്റെ നിർമ്മാണം പൂർത്തിയായതിനാൽ ഉദ്ഘാടനത്തിന് കാത്തിരിക്കുകയാണെന്നും മറ്റുള്ള ഗോഡൗണുകളുടെ നിർമ്മാണം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണെന്നും സപ്ലൈകോ ചെയർമാൻ അറിയിച്ചു.

തുടർന്ന് ഖണ്ഡിക 25, 33 എന്നീ ഖണ്ഡികകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും പ്രസ്തുത ഖണ്ഡികകളിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ സി.എം.ഡി.-യോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമായ വിവരങ്ങൾ അപൂർണ്ണമായതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ സിവിൽ സപ്ലൈസ് ഡയറക്ടറിൽ നിന്നും ശേഖരിക്കേണ്ടി വന്നതിനാലാണ് യഥാസമയത്ത് നടപടി സ്റ്റേറ്റ്മെന്റ് നിയമസഭയിൽ സമർപ്പിക്കുവാൻ സാധിക്കാതിരുന്നത്. എന്ന് കാലതാമസപത്രികയിൽ പറഞ്ഞിട്ടുള്ളത് കുറ്റകരമായ അനാസ്ഥയായതിനാൽ ഇക്കാര്യം ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

ഖണ്ഡിക 32 സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത ഖണ്ഡികയിൽ അധിക തുക ആവശ്യപ്പെട്ടുവെങ്കിലും തുക അനുവദിച്ചില്ലെന്നും എ.എസ്- ന്റെ കാലാവധി കഴിഞ്ഞതിനാൽ രണ്ടാമത് എ.എസ്.-നു വേണ്ടി സമർപ്പിച്ചിട്ടുണ്ടെന്നും സപ്ലൈകോ ജനറൽ മാനേജർ അറിയിച്ചു.

ഖണ്ഡിക 25, 32, 33 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

(III) വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകളുടെ പരിഗണന.

(1) 2019-20 സാമ്പത്തിക വർഷത്തെ ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 88/സബ്.സി.ജി.1/2020/നി.സെ.)

(2) 2018-19 സാമ്പത്തിക വർഷത്തെ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 43/സബ്.സ്.ജി1/2019/നി.സെ.)

യോഗം ഉച്ചയ്ക്കുശേഷം 3.40-ന് അവസാനിച്ചു.

# 20-10-2021-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2021 ഒക്ടോബർ മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 11:30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും പൊതുവിതരണവും വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിലും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

| | |
|---|---|
| (1) ശ്രീ. പി. അബ്ദുൽ ഹമീദ് | എം.എൽ.എ. |
| (2) ശ്രീ. പി. വി. അൻവർ | ,, |
| (3) ഡോ. മാത്യു കുഴൽനാടൻ | ,, |
| (4) ശ്രീ. സജീവ് ജോസഫ് | ,, |
| (5) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ,, |
| (6) ശ്രീ. ജി. സ്റ്റീഫൻ | ,, |
| (7) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | ,, |

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1) ശ്രീ. മാത്യുക്കുട്ടി ജി, അഡീഷണൽ സെക്രട്ടറി
2) ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1) ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്.
2) ശ്രീ. സുരേഷ് കുമാർ വി. പി., ഡയറക്ടർ, ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ്.
3) ശ്രീ. പി. ബി. നൂഹ്, രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.
4) ഡോ. പാട്ടീൽ സുയോഗ് സുഭാഷ് റാവു, മാനേജിംഗ് ഡയറക്ടർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്.
5) ശ്രീ. എൻ. കെ. പ്രേം ലാൽ, സീനിയർ മാനേജർ, മിൽമ.

6) ശ്രീ. എം. കെ. സാദിഖ്, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

7) ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്.

8) ശ്രീമതി സന്ധ്യ എസ്., അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്.

9) ശ്രീ. അനിൽ കുമാർ സി., ജോയിന്റ് സെക്രട്ടറി, ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്.

സമിതി, 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബില്ലിലെ ഔദ്യോഗിക ഭേദഗതിയെ സംബന്ധിച്ച് ഇപ്പോൾ പറയുന്നില്ല എന്ന് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ക്രെഡിറ്റ് സംഘങ്ങൾ റീസ്ട്രക്ച്ചർ ചെയ്യുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ എം. എസ്. ശ്രീറാം അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ ശിപാർശ ത്രീ ടയർ സിസ്റ്റം ടു ടയർ സിസ്റ്റമായി മാറ്റുക എന്നതാണെന്നും അതായത് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ലയിപ്പിക്കുക എന്നതായിരുന്നു എന്നും ആദ്യ ലെയറിൽ പ്രാഥമിക ബാങ്കുകളും രണ്ടാമത്തെ ലെയറിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും രൂപീകരിച്ച് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിനെ മികച്ച ബാങ്കായി രൂപീകരിക്കണമെന്നാണ് സമിതി ശിപാർശ ചെയ്തത് എന്നും പ്രസ്തുത റിപ്പോർട്ട് മന്ത്രിസഭ പരിശോധിച്ചശേഷം റിസർവ് ബാങ്കിന്റെ അനുമതിക്കായി സമർപ്പിക്കുകയും ലയനം സംസ്ഥാന സഹകരണ നിയമത്തിന് അനുസൃതമായിരിക്കണമെന്ന നിർദ്ദേശത്തോടെ 14 ജില്ലാ സഹകരണ ബാങ്കുകളും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ലയിപ്പിക്കുന്നതിന് റിസർവ് ബാങ്ക് അനുമതി നൽകിയെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. കൂടാതെ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള 13 ബാങ്കുകളും ലയന പ്രമേയം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ അംഗീകാരത്തോടെ 13 ജില്ലാ സഹകരണ ബാങ്കുകളും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ലയിപ്പിച്ചുവെന്നും സഹകരണ മേഖലയിലും ബാങ്കിംഗ് രംഗത്തും നിലവിലുള്ള വൻകിട മത്സരങ്ങൾ നേരിടുന്നതിനും കേരള ബാങ്ക് മുഖേനയുള്ള നേട്ടങ്ങൾ മലപ്പുറത്തെ സഹകാരികൾക്ക് ലഭിക്കുന്നതിനുംവേണ്ടി മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ലയിപ്പിക്കുന്നതിനുവേണ്ടിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത് എന്നും പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബില്ലാണ് നിയമസഭയിൽ

അവതരിപ്പിച്ചത് എന്നും മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ലയന പ്രമേയം അംഗീകരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ബാങ്കിലെ സഹകാരികൾക്കും ക്രെഡിറ്റർമാർക്കും ഡെപ്പോസിറ്റർമാർക്കും വ്യക്തമായ നോട്ടീസ് കൊടുത്ത് ടി ബാങ്കിനെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നതെന്നും സെക്ഷൻ (2)-ൽ ലയനം പൂർത്തിയാകുന്നതുവരെ നിലവിലുണ്ടായിരുന്നതും എന്നാൽ ലയനം പൂർത്തിയായതിനുശേഷം ഇല്ലാതാകുകയും ചെയ്യുന്ന ഒരു എന്റിറ്റിയായിട്ടാണ് ജില്ലാ സഹകരണ ബാങ്കിനെ ഡിഫൈൻ ചെയ്തിരിക്കുന്നതെന്നും അറിയിച്ചു. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് ഡിലെയറിംഗിന്റെ എല്ലാ ആനുകൂല്യങ്ങളും മലപ്പുറം ജില്ലയിലെ സഹകാരികൾക്കും സഹകരണ സംഘം ജീവനക്കാർക്കും കൊടുക്കുകയെന്ന ലക്ഷ്യത്തിലാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത് എന്നും സഹകരണവകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

സംസ്ഥാനത്തെ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ ശ്രീമതി ലിഡ ജേക്കബ് അദ്ധ്യക്ഷയായ വിദഗ്ദ്ധ സമിതി ആപ്കോസ് സൊസൈറ്റികളുടെ ഘടന, അംഗത്വം, തെരഞ്ഞെടുപ്പ് എന്നിവയിൽ സമഗ്രമായ മാറ്റം ശിപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ടാണ് സമർപ്പിച്ചതെന്നും പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിനുള്ള നിയമഭേദഗതിയാണ് രണ്ടാമത്തെ ഓർഡിനൻസിലൂടെ പുറപ്പെടുവിച്ചതെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

ലിഡ ജേക്കബ് കമ്മീഷന്റെ ശിപാർശകൾ എന്തൊക്കെയായിരുന്നു എന്ന് സമിതി ആരാഞ്ഞതിന് നാഷണൽ ഡയറി ഡെവലപ്മെന്റ് കോർപ്പറേഷൻ ഡെവലപ് ചെയ്ത മോഡൽ അനുസരിച്ചുള്ള മാറ്റങ്ങൾ സംസ്ഥാനത്തും വരുത്തണമെന്ന് ശിപാർശ ചെയ്തിരുന്നുവന്നും നിയമഭേദഗതി മാത്രമല്ല റീ സ്ട്രക്ചറിംഗും പ്രൈസിംഗുമുൾപ്പെടെയുള്ള വിപുലമായ റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളതെന്നും സഹകരണവകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

ലിഡ ജേക്കബ് കമ്മീഷൻ നൽകിയിട്ടുള്ളത് 25 ശിപാർശകളല്ലേയെന്നും 25 ശിപാർശകളും അംഗീകരിച്ചിട്ടില്ലല്ലോ എന്നും സമിതി ചോദിച്ചതിന് 25 ശിപാർശകൾ ഹൈലെവൽ കമ്മിറ്റി വീണ്ടും പഠിക്കുന്നതിനുവേണ്ടി ശിപാർശ ചെയ്തിരുന്നുവെന്ന് ഡയറി ഡെവലപ്മെന്റ് വകുപ്പ് ഡയറക്ടർ മറുപടി നൽകി.

ലിഡ ജേക്കബ് കമ്മീഷന്റെ എത്രാമത് ശിപാർശയാണ് ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത് എന്നും കമ്മീഷൻ ബൈലായിൽ ഭേദഗതി നിർദ്ദേശിച്ചിരുന്നോ എന്നും

സമിതി ആരാഞ്ഞതിന് ആക്ടിലെ സെക്ഷൻ 13 (എ)-യ്ക്ക് അനുസൃതമായി bye-law-ൽ ഭേദഗതി കൊണ്ടുവരണമെന്നാണ് ശിപാർശയെന്നും ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ വ്യക്തമാക്കി.

ആക്ടിന് വിധേയമായി മാത്രമേ bye-law ഭേദഗതി ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും ശ്രീമതി ലിഡ ജേക്കബ് അദ്ധ്യക്ഷയായ വിദഗ്ദ്ധ സമിതിയുടെ ശിപാർശ "The bye-laws of the regional unit and federations require amendments to enable the election of representatives of each districts by the members of that particular district itself. Thus making a truly democratic. The induction of new elected members in the Board of Directors of the regional unions should be ensured and that term as directed should be limited to maximum of three terms by bringing in appropriate amendments in the bye-laws" എന്നാണെന്നും ഉന്നതതല സമിതി പരിശോധിച്ചശേഷമാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്നും ബില്ലിലെ Objects and reasons-ൽ പറഞ്ഞിരിക്കുന്നത് "The expert committee under the Chairmanship of former Dairy Development Commissioner Smt. Lida Jacob, IAS (Rtd.), constituted to conduct a comprehensive study on the three-tier Dairy Co-operative structure in the Kerala State recommended for limiting the term of members of the managing committee to a maximum of 3 terms, women participation etc. The same was reiterated in the report submitted by the High Level Committee consisting of experts from all fields of Animal Husbandry and Dairy Sectors" എന്നാണ് എന്ന് സമിതി അഭിപ്രായപ്പെടുകയും ശ്രീമതി ലിഡ ജേക്കബ് സമിതിയുടെ ശിപാർശയിൽ വന്നിട്ടുള്ള വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ഉന്നതതല സമിതിയുടെ ശിപാർശയുണ്ടെന്നും പ്രസ്തുത ശിപാർശ വകുപ്പ് വായിക്കേണ്ടതായിരുന്നുവെന്നും കാര്യങ്ങൾ പഠിക്കാതെയാണ് ഉദ്യോഗസ്ഥർ സമിതിയിൽ എത്തിയിരിക്കുന്നതെന്നും സമിതി ചെയർമാൻ അറിയിക്കുകയും ചെയ്തു. തുടർന്ന് ഉന്നതതല സമിതിയുടെ താഴെപ്പറയുന്ന ശിപാർശകൾ സമിതിയെ വായിച്ചുകേൾപ്പിച്ചു.

"The bye-laws of the regional unit and federations require amendments to enable the election of representatives of each District itself. Thus making a truly democratic. The induction of new elected members in the Board of Directors of the regional unions should be ensured and that term as directed should be limited to maximum of three terms by bringing in appropriate amendments in the bye-laws"

ആക്ട് അമെന്റ് ചെയ്യുന്നതിന് ആരാണ് നിർദ്ദേശിച്ചതെന്നും ബൈലായിൽ ഭേദഗതി ചെയ്താൽ പോരേയെന്നും സമിതി ആരാഞ്ഞതിന് എല്ലാ bye-law-കളും നിയമത്തിനനുസൃതമാണെന്നും കേരളത്തിലെ സഹകരണ സംഘങ്ങളിൽ വാർഡ് തല

ഇലക്ഷനാണ് നടന്നിരുന്നതെന്നും കേരള ബാങ്കിൽതന്നെ തെരഞ്ഞെടുക്കപ്പെട്ട പതിനാല് അംഗങ്ങളുണ്ടെന്നും കേരളത്തിലെ എല്ലാ ജില്ലകളിലുള്ള വോട്ടർമാർക്കും വോട്ട് ചെയ്യുന്നതിനുള്ള അവകാശമുണ്ടെന്നും എന്നാൽ ഇത് റീജിയണൽ ബോർഡാണെന്നും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ നാല് ജില്ലകളിലെ റീജിയണൽ ബോർഡുകളിൽ റെപ്രസന്റേറ്റീവുകൾ മത്സരിക്കുമ്പോൾ നാല് ജില്ലകളിലെ ഇലക്ടഡ് മെമ്പേഴ്സിനും വോട്ട് ചെയ്യാമെന്നും, തിരുവനന്തപുരം ജില്ലയിൽ മത്സരിക്കുന്ന സ്ഥാനാർത്ഥിക്ക്, തിരുവനന്തപുരം ജില്ലയിലെ സൊസൈറ്റിയിലെ റെപ്രസന്റേറ്റീവ്സിന് മാത്രമേ വോട്ട് ചെയ്യാൻ അനുവാദം കൊടുക്കാവൂ എന്നതാണ് ഇതിലെ ശിപാർശയെന്നും സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

രണ്ട് സമിതികളും ബൈലായിലെ ഭേദഗതിയാണ് ശിപാർശ ചെയ്തിട്ടുള്ളത് എന്നിരിക്കെ നിയമ ഭേദഗതിയിലേക്ക് പോകുന്നത് എന്തിനാണെന്ന് സമിതി ആരാഞ്ഞതിന്, പേരന്റ് ആക്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള ചർച്ചകൾ ക്ഷീര വികസന വകുപ്പ് തുടങ്ങിയ സന്ദർഭത്തിൽത്തന്നെ, മാറ്റങ്ങൾ വരുത്തുന്നതിന് bye-law ഭേദഗതി ചെയ്താൽ പോരേയെന്ന് സഹകരണ വകുപ്പ് ചോദിച്ചിരുന്നുവെന്നും ആക്ടിലും റൂളിലും സപ്പോർട്ട് ചെയ്യപ്പെടാത്ത ഒരു പ്രൊവിഷനാണെങ്കിൽ അത് ചലഞ്ച് ചെയ്യപ്പെടുകയും litigation-ലേയ്ക്ക് പോകുകയും ചെയ്യുമെന്നുമുള്ളതുകൊണ്ട് നിയമ ഭേദഗതി വരുത്തി നൽകണമെന്നാണ് ക്ഷീരവികസന വകുപ്പ് ആവശ്യപ്പെട്ടതെന്നും സഹകരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

സഹകരണ സംഘങ്ങൾ വ്യത്യസ്ത രീതികളിൽ പ്രവർത്തിക്കുന്ന തരത്തിൽ നിയമം ഉണ്ടാക്കാൻ കഴിയില്ലെന്നും എല്ലാ സഹകരണ സംഘങ്ങൾക്കുംകൂടി പൊതുവായ ഒരു നിയമമാണ് ഉണ്ടാക്കേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു. നിയമ വകുപ്പിന് ഇക്കാര്യത്തിൽ എന്താണ് പറയാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന്, സാങ്കേതികവശം മാത്രമാണ് നിയമവകുപ്പ് പരിശോധിക്കുന്നതെന്ന് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

സഹകരണ സംഘങ്ങളെ സംബന്ധിച്ചും മിൽമ സഹകരണ സംഘങ്ങളെ സംബന്ധിച്ചുമുള്ള രണ്ട് ഭേദഗതികളാണ് ഇതിൽ ഉള്ളതെന്നും മിൽമ സഹകരണ സംഘങ്ങളെ സംബന്ധിച്ചുള്ളതിൽ ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉന്നത സമിതിയുടെയോ ലിഡാ ജേക്കബ് കമ്മിറ്റിയുടെയോ എന്തെങ്കിലും പ്രത്യേക ശിപാർശകൾ ഉണ്ടെങ്കിൽ അപ്രകാരം ആക്റ്റിൽ ഭേദഗതി വരുത്താവുന്നതാണെന്നും അല്ലാതെ ആക്റ്റിൽ ഭേദഗതി വരുത്താൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ലിഡ ജേക്കബ് കമ്മിറ്റി റിപ്പോർട്ടിൽ പറയാത്തത് എങ്ങനെയാണ് ചെയ്യാൻ കഴിയുന്നതെന്ന് സമിതി ആരായുകയും സെക്ഷൻ 13 (എ)-യിൽ പറയുന്നത്, 'Every co-operative society shall make its bye-laws

consistent with the provisions of this Act and rules and no provision in the bye-laws of a co-operative society shall be contrary to the provision of the Act and the Rules.' എന്നാണെന്ന് ഡയറി ഡെവലപ്മെന്റ് വകുപ്പ് ഡയറക്ടർ മറുപടി നൽകുകയും ചെയ്തു.

Bye-law കൺസിസ്റ്റന്റ് ആകണമെങ്കിൽ, അതിനെ ഫെസിലിറ്റേറ്റ് ചെയ്യുന്ന ആക്ടാണ് വേണ്ടതെന്നും അല്ലാതെ Bye-law-യിൽ ഭേദഗതി വരുത്തേണ്ട ഒരു കാര്യം ആക്ടിൽ എഴുതിച്ചേർക്കാൻ സാധിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും bye-law-യുമെല്ലാം സഹകരണ നിയമങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്നും അതിൽ കൂടുതലായ ഒരു കാര്യംപോലും bye-law-യിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്നും കേരളത്തിലെ സഹകരണ നിയമമനുസരിച്ച് തെരഞ്ഞെടുപ്പ് നടക്കുന്നത് വാർഡടിസ്ഥാനത്തിലാണെന്നും അതുപ്രകാരം ആ വാർഡിലെ എല്ലാ സംഘങ്ങളിലുമുള്ള എല്ലാവർക്കും വോട്ട് ചെയ്യാനുള്ള അവകാശമുണ്ടെന്നും ഇവിടെ ആപ്കോസ് സൊസൈറ്റികളുടെ, കർഷകരുടെ പ്രത്യേക താൽപ്പര്യം പരിഗണിച്ച് എല്ലാ ജില്ലകളിലുള്ളവർക്കും റെപ്രസന്റേഷൻ ഉറപ്പാക്കാൻ വേണ്ടിമാത്രം കൊണ്ടുവന്ന ഒരു നിയമ ഭേദഗതിയാണിതെന്നും ഇടുക്കി, എറണാകുളം തുടങ്ങി എല്ലാ ജില്ലകളിലും അഡീഷണൽ റെപ്രസന്റേഷൻ ഉൾപ്പെടുത്താൻ വേണ്ടി മാത്രം വരുത്തിയ നിയമഭേദഗതിയാണിതെന്നും ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ വ്യക്തമാക്കി.

കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിയമനിർമ്മാണത്തിനുള്ള അധികാരം അതിന്റെ ജനറൽബോഡിക്കാണെന്നും ആ അധികാരം എടുത്തുകളയാൻ കഴിയില്ലെന്നും ലിഡ ജേക്കബ് കമ്മിറ്റിയും ഹൈലെവൽ കമ്മിറ്റിയും bye-law അമെന്റ് ചെയ്യാനാണ് ശിപാർശ ചെയ്തിട്ടുള്ളതെന്നും പിന്നെ എന്തിനാണ് ആക്ട് ഭേദഗതി ചെയ്യുന്നതെന്നും സമിതി ആരാഞ്ഞതിന് ബില്ലിലെ 14, 15, 16 എന്നീ പാരഗ്രാഫുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കനുസൃതമായിട്ടാണ് ആക്ട് ഭേദഗതി ചെയ്യുന്നതെന്നും 16-ാമത്തെ പാരഗ്രാഫിൽ പറയുന്ന 2, 8 എ, 16, 28, 28 എബി, 64 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്തും 16 ബി, 80 ബിബി എന്നീ പുതിയ വകുപ്പുകൾ കൂട്ടിച്ചേർത്തും പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

കേരളത്തിലെ സഹകരണ സംഘങ്ങൾ എങ്ങിനെ പ്രവർത്തിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന സഹകരണ സംഘം ആക്ടിൽ ഭേദഗതി വരുത്തുമ്പോൾ ക്ഷീര കർഷകരെ പ്രത്യേകം പരിഗണിക്കാൻ കഴിയുമോയെന്ന് സമിതി ആരാഞ്ഞതിന് ക്ഷീര കർഷക സംഘങ്ങൾക്ക് ഫംഗ്ഷണൽ രജിസ്ട്രാർ ഉണ്ടെന്നും അവർ ഒരു പ്രത്യേക പ്രശ്നവുമായി വന്നുകഴിഞ്ഞാൽ നിയമപരമായി നമ്മൾ എങ്ങനെ സപ്പോർട്ട് ചെയ്യുമെന്നുള്ളതാണ്

പ്രശ്നമെന്നും ഡെഫിനിഷൻ പാർട്ടിൽ ആനന്ദ് മോഡൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ആപ്കോസ്) വരുന്നതിന്റെ ഭാഗമായുള്ള മാറ്റങ്ങളാണ് സൂചിപ്പിച്ചിരിക്കുന്നതെന്നും ആദ്യത്തെ ഭേദഗതി അതാണെന്നും സഹകരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

കേരളത്തിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ഗവേൺ ചെയ്യുന്നത് നിയമം ആണോയെന്നും സൊസൈറ്റി ഫോം ചെയ്യുമ്പോൾ കേരളത്തിൽ പല സൊസൈറ്റികൾക്കും പല നിയമം സാധ്യമാകുമോയെന്നും സംസ്ഥാനം ഉണ്ടാക്കുന്ന നിയമമനുസരിച്ച് എല്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും ഒരുപോലെയല്ലേ ഗവേൺ ചെയ്യാൻ സാധിക്കുകയുള്ളൂയെന്നും അതിനുള്ള അധികാരം നൽകിയിരിക്കുന്നത് ആരാണെന്നും സമിതി ആരാഞ്ഞതിന് കേരളത്തിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ഗവേൺ ചെയ്യുന്നത് നിയമം ആണെന്നും വ്യത്യാസമുള്ള സൊസൈറ്റികൾക്ക് പ്രൊവിഷൻ ക്ലോസ് കൊടുത്തിട്ടുണ്ടെന്നും അത് ജനറൽ പ്രിൻസിപ്പിളാണെന്നും സഹകരണ വകുപ്പ് മറുപടി നൽകി.

സാധാരണ സഹകരണ ബാങ്കുകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പുതിയ അംഗങ്ങളാണ് വരുന്നതെന്നും അവിടെയൊന്നും ടേം ലിമിറ്റ് ചെയ്യുന്നില്ലെന്നും ക്ഷീര സഹകരണ സംഘത്തിൽ മാത്രം ടേം ലിമിറ്റ് ചെയ്യുന്നത് ശരിയായ നടപടിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ ഇതിനുമുമ്പ് PACs (Primary Agricultural Co-Operative Society) -ലും ഇങ്ങനെയൊരു പ്രൊപ്പോസൽ വന്നിരുന്നെന്നും അതിൽ ചില തർക്കങ്ങൾ ഉയർന്നുവന്നതിനെത്തുടർന്ന് പിൻവലിച്ചതാണെന്നും വരാൻപോകുന്ന സമഗ്ര നിയമത്തിൽ വീണ്ടും അത് വരുമെന്നും ക്ഷീര സഹകരണ സംഘങ്ങളിലെ പ്രശ്നം, ചില ആളുകൾ സത്യസന്ധമായി പാൽ അളക്കുന്നവരും ക്ഷീര കർഷകരുമാണെന്നും എന്നാൽ പാൽ വിലയ്ക്ക് വാങ്ങി ക്ഷീര സഹകരണ സംഘങ്ങളിൽ നൽകി അംഗങ്ങളായി നിൽക്കുന്നവരുമുണ്ടെന്നും ആ വസ്തുത അന്വേഷണത്തിലൂടെ കണ്ടെത്തിയതാണെന്നും അതാണ് ലിഡ ജേക്കബ് കമ്മീഷൻ പറയുന്നതെന്നും സമിതി ചെയർമാൻ അറിയിച്ചു. അത്തരം കാര്യങ്ങൾ ഒഴിവാക്കണമെങ്കിൽ ഒരു വർഷത്തിൽ 180 ദിവസക്കാലയളവിൽ സംഘത്തിൽ അഞ്ഞൂറ് ലിറ്റർ പാൽ ഒഴിച്ചിട്ടുള്ള ക്ഷീര കർഷകരെയാണ് സംഘത്തിൽ അംഗമായി ചേർക്കേണ്ടതെന്നും 180 ദിവസത്തിനുള്ളിൽ 500 ലിറ്റർ പാലോ 180 ദിവസമോ എന്ന രീതി ക്രമത്തിലുണ്ടെങ്കിൽ മാത്രമേ ക്ഷീര കർഷകരെ കൃഷിക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുകയുള്ളുവെന്നും മുമ്പ് ക്ഷീര കർഷകരിൽ നല്ലൊരു വിഭാഗം സ്ത്രീകളായിരുന്നുവെന്നും എന്നാൽ സ്ത്രീകളിൽ ഒരാളെപ്പോലും ഭരണ സമിതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും അത് മാറ്റി വൈസ് പ്രസിഡന്റിന്റെ ഒരു പദവി സൃഷ്ടിച്ച് വനിതകളെ നിയമിക്കണമെന്നുള്ളതാണ് പുതിയ അമെന്റ്മെന്റ് എന്നും പശുവിനെ വളർത്തുന്നതും പാൽ വിൽക്കുന്നതും സ്ത്രീകളാണെന്നും ആയതിനാൽ അവർക്ക് അവസരം നൽകുന്നതിനുവേണ്ടിയുള്ള കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും സമിതി ചെയർമാൻ അറിയിച്ചു.

കൂടാതെ അത് സമഗ്ര നിയമത്തിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നതെന്നും ഇത് ഭേദഗതി മാത്രമാണെന്നും അതിൽ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. രവീന്ദ്രനാഥ് കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചുവെന്നും പ്രസ്തുത കമ്മിറ്റി ഒരു കരട് തയ്യാറാക്കുകയും അതിനുപുറമെ ഡിപ്പാർട്ട്മെന്റ് തലത്തിൽ വിരമിച്ചവരെ കൂടി ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും അവരുടെ അഭിപ്രായ/ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അത് 25-10-2021-ന് കൈമാറാനിരിക്കുകയാണെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

ലിഡ ജേക്കബ് കമ്മീഷൻ ഒരു വിദഗ്ദ്ധ സമിതിയെന്നുള്ള നിലയിൽ അവരുടെ ശിപാർശ സമർപ്പിച്ചു. അത് പരിശോധിച്ച ഹൈ ലെവൽ കമ്മിറ്റി അതിന്മേൽ അഭിപ്രായം രേഖപ്പെടുത്തി തീരുമാനം എടുത്തെന്നും സമിതി ചെയർമാൻ പറഞ്ഞു. "(എസി) ആനന്ദ് പാറ്റേൺ മിൽക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി" എന്നുപറയുന്നത് പേരന്റ് ആക്റ്റിൽ 'എ' എന്നുപറയുന്ന ഡെഫനിഷൻ പാർട്ടിൽ വരുന്ന ഒരു കാറ്റഗറിയാണെന്നും അതിനെ നിയന്ത്രിക്കുന്ന അനുബന്ധ സെക്ഷനുകൾ വന്നതുകൊണ്ടാണ് ഇതെല്ലാം കൂട്ടിച്ചേർക്കപ്പെട്ടതെന്നും ഇതിനെ എതിർക്കുകയാണെങ്കിൽ Introduction-ലെ definition തന്നെ വേണ്ടെന്ന് പറയേണ്ടിവരുമെന്നും 'എസി' എന്നുപറയുന്ന introduction of definition പുതിയതായി കൂട്ടിചേർക്കപ്പെടുകയാണെന്നും പുതിയൊരു വിഭാഗമായി തന്നെ ആക്റ്റിലെ definition പാർട്ടിൽ സൊസൈറ്റികളിൽ inclusion വരുമ്പോൾ അതിനനുസരിച്ചുള്ള ഭേദഗതി നിർദ്ദേശങ്ങൾ അനുബന്ധ സെക്ഷനുകളിൽ വരുന്നുവെന്നുള്ളതാണ് ഇതിന്റെ സാരാംശമെന്നും വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

ഈ ഭേദഗതികൊണ്ടുള്ള നേട്ടം എന്താണെന്ന് സമിതി ആരാഞ്ഞതിന് ആനന്ദ് മാതൃകയിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന്റെ അംഗത്വം മുതൽ അതിന്റെ നിയന്ത്രണം വരെയുള്ള കാര്യങ്ങളിൽ പ്രയോജനം ലഭിക്കുമെന്ന് സഹകരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

എല്ലാ സഹകാരികളുടെയും അഭിപ്രായം കണക്കിലെടുത്തുകൊണ്ട് കാലോചിതമായ സമഗ്ര നിയമ ഭേദഗതി കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

ഒരു വർഷത്തിൽ നൂറ്റി എൺപത് ദിവസക്കാലയളവിൽ സംഘത്തിൽ അഞ്ഞൂറ് ലിറ്ററിൽ കുറയാതെ പാൽ ഒഴിച്ചിട്ടുള്ളതുമായ ക്ഷീര കർഷകരെ അംഗമായി ചേർക്കേണ്ടതാണെന്നും 180 ദിവസമായി വർദ്ധിപ്പിക്കുമ്പോൾ അത്തരം ക്ഷീര കർഷകർ ഈ മേഖലയിൽനിന്നും ഒഴിവാക്കപ്പെടുമെന്നും അവരെ സപ്പോർട്ട് ചെയ്തുകൊണ്ട് പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യങ്ങളല്ലേ ചെയ്യേണ്ടതെന്നും സമിതി

അഭിപ്രായപ്പെടുകയും അക്കാര്യം പരിശോധിക്കാമെന്നും സമഗ്ര നിയമ ഭേദഗതി വരുമ്പോൾ എല്ലാവരുടെയും നിർദ്ദേശങ്ങൾ സ്വീകരിച്ച് കുറ്റമറ്റതാക്കാൻ ശ്രമിക്കാമെന്നും സമിതി ചെയർമാൻ അറിയിക്കുകയും പ്രസ്തുത ബിൽ ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയംഗങ്ങളായ സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, ഡോ. മാത്യു കുഴൽനാടൻ, സജീവ് ജോസഫ് എന്നിവർ ബില്ലിന്മേലുള്ള വിയോജനക്കുറിപ്പ് നൽകി.

സമിതിയുടെ കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ് ഇതുവരെ ലഭിച്ചിട്ടില്ലെന്നും അതിന്റെ കാരണമെന്തെന്നും ആരാഞ്ഞതിന് മിനിട്ട്സ് തയ്യാറാക്കിവരുന്നതായി അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

യോഗം ഉച്ചയ്ക്കുശേഷം 12.20-ന് അവസാനിച്ചു.

# 19-1-2022-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2022 ജനുവരി 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 4 എ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി.എൻ.വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. ജി.ആർ.അനിലും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ഡോ.മാത്യു കുഴൽനാടൻ,എം.എൽ.എ.
2. ശ്രീ.സെബാസ്റ്റ്യൻ കുളത്തുങ്കൽ,എം.എൽ.എ.
3. ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ,എം.എൽ.എ.
4. ശ്രീ.പി.അബ്ദുൽ ഹമീദ്,എം.എൽ.എ. (ഓൺലൈൻ മുഖേന)
5. ശ്രീ.ആന്റണി ജോൺ,എം.എൽ.എ. (ഓൺലൈൻ മുഖേന)
6. ശ്രീ.സജീവ് ജോസഫ്,എം.എൽ.എ. (ഓൺലൈൻ മുഖേന)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി.അഡീഷണൽ സെക്രട്ടറി
2. ശ്രീ. അബ്ദുൾ നാസർ എം. അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ് (ഓൺലൈൻ മുഖേന)
2. ശ്രീ. പി.ബി.നൂഹ് ,ഐ.എ.എസ്,രജിസ്ട്രാർ,കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഓൺലൈൻ മുഖേന)
3. ഡോ.സജിത് ബാബു,ഐ.എ.എസ്,കമ്മീഷണർ ആന്റ് ഡയറക്ടർ സിവിൽ സപ്ലൈസ് വകുപ്പ്
4. ശ്രീ.സഞ്ജീവ് പട്ജോഷി, ഐ.പി.എസ്, എം.ഡി, സപ്ലൈകോ (ഓൺലൈൻ മുഖേന)
5. ശ്രീ.അബ്ദുൾ മജീദ് കക്കോട്ടിൽ,അഡീഷണൽ സെക്രട്ടറി,ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്

6. ശ്രീമതി ജെസ്സി ജോർജ്ജ്,അഡീഷണൽ സെക്രട്ടറി,ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്

7. ശ്രീ.വിൻസന്റ് ജോർജ്ജ്,ലോ ഓഫീസർ,ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്

8. ശ്രീമതി ഇന്ദുകല പി. അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

9. ശ്രീ.സാദിഖ് എം.കെ., സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ് .

സമിതി 2021-22, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, എസ്.ആർ.ഒ.-കൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1) 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ച് Kerala Targeted Public Distribution System (Control) Order 2021 ആയി പുറപ്പെടുവിച്ച വിജ്ഞാപനം (കാലതാമസ പത്രിക സഹിതം)

എസ്.ആർ.ഒ നമ്പർ 252/2021

(ഫയൽ നമ്പർ14291/സബ്.സി ജി1/2021/നിസെ)

1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ച് Kerala Targeted Public Distribution System (Control) Order 2021 നിലവിൽ വന്നതെന്നും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2016 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ സാഹചര്യത്തിലാണ് പ്രസ്തുത എസ്.ആർ.ഒ. പുറപ്പെടുവിക്കേണ്ടി വന്നതെന്നും എസ്.ആർ.ഒ.-യിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ഭേദഗതി വരുത്തുന്നതിനെ കുറിച്ച് ആലോചിക്കുകയും ചെയ്യാമെന്ന് ഭക്ഷ്യ വകുപ്പുമന്ത്രി ആമുഖമായി പറഞ്ഞു.

എസ്.ആർ.ഒ നം.252/2021-ൽ ചട്ടം 22-ൽ "Duties and responsibilities of authorised establishment proprietor" എന്നതിൽ വ്യക്തത ആവശ്യമുണ്ടെന്നും ചട്ടം 22(4)-ൽ " ..... each food grains....." എന്നത് "quantity of each food grains" എന്നാക്കി മാറ്റേണ്ടതുണ്ടെന്ന് സമിതി നിർദ്ദേശിച്ചു.

ചട്ടം 22(6)-ൽ "when an establishment remains closed due to any cause for more than seven days ...." എന്ന നിബന്ധന കോവിഡ് സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ടാക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന് പ്രത്യേക സാഹചര്യത്തിൽ അതോറിറ്റിയുടെ അനുവാദത്തോടെ ഏഴ് ദിവസം വരെ റേഷൻ കട പൂട്ടിയിടുന്നതിൽ പ്രശ്നമില്ലെന്നും പ്രൊപ്പ്റൈറ്റർ സ്വയം തീരുമാനിച്ച് കട പൂട്ടാൻ പാടില്ലെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ & ഡയറക്ടർ മറുപടി നൽകി.

ചട്ടം 27-ൽ " priority in allotment of fair price shop" എന്നതിൽ 27(vi)-ൽ "salesman having 10 years experience" എന്ന പറയുമ്പോൾ റേഷൻ കടകളിൽ സെയിൽസ്മാനായിരുന്ന വ്യക്തികൾക്കാണ് അത് ബാധകമെന്ന് പ്രത്യേകം പറയേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന് "salesman having 10 years experience in a ration shop" എന്നാക്കി മാറ്റാമെന്ന് പൊതുവിതരണ വകുപ്പ് സപ്ലൈസ് കമ്മീഷണർ & ഡയറക്ടർ സമിതിയെ അറിയിച്ചു.

(i) Self help group/women activity group/ women collectives (ii) panchayaths (iii) co-operative societies (iv) ex-service man എന്നിങ്ങനെയുള്ള നാല് മുൻഗണനാ വിഭാഗങ്ങൾ കേന്ദ്ര നിയമത്തിൽ പരാമർശിച്ചതിനാൽ അതിൽ മാറ്റം വരുത്താൻ സംസ്ഥാനത്തിന് അധികാരമില്ലെന്നും " salesman having 10 years experience" -ന്റെ മുൻഗണന educated unemployed persons-ന്റെ മുകളിലായി കൊണ്ടു വരേണ്ട രീതിയിൽ ഭേദഗതി ചെയ്യേണ്ടതുണ്ടെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ & ഡയറക്ടർ സമിതിയിൽ അറിയിച്ചതിന് അത്തരത്തിൽ ഭേദഗതി ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

ചട്ടം 28(2)-ൽ ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഒരു പോലെ വന്നാൽ പ്രായം കൂടിയ അപേക്ഷകന് ലൈസൻസ് നൽകണമെന്നും അപേക്ഷകർ പ്രായത്തിലും ഒരുപോലെയാണെങ്കിൽ പത്ത് വർഷം പ്രവൃത്തി പരിചയമുള്ള സെയിൽസ്മാന് മുൻഗണന ലഭിക്കുമെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ലൈസൻസിനുള്ള ആദ്യ മുൻഗണന റേഷൻ കടകളിലെ സെയിൽസ്മാന് നൽകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

ചട്ടം 32(ii) -ലെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "provided futher that the existing Authorised Retail Distributors who are licensed ….. as and when they apply for the license as provided under proviso to para 26" എന്താണ് സൂചിപ്പിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് Kerala Targeted Public Distribution System (Control) Order 2021 വന്നതിനു ശേഷം നിലവിലുള്ള എല്ലാ ലൈസൻസികളും ഉത്തരവിൽ പറഞ്ഞിരിക്കുന്ന രീതിയിൽ ആറ് മാസത്തിനുള്ളിൽ ലൈസൻസിനുള്ള പുതുക്കിയ അപേക്ഷ നൽകണമെന്നും അത്തരത്തിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ഒരു സോൾവൻസി നിലനിൽക്കുന്നതു കൊണ്ട് സോൾവൻസി തുകയായി ഒരു ലക്ഷം രൂപ കൊടുക്കേണ്ടതില്ലെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ & ഡയറക്ടർ സമിതിയെ അറിയിച്ചു. നിലവിലുള്ള സോൾവൻസി സാധുതയുള്ളതാണെന്ന് ചട്ടത്തിൽ വ്യക്തമായി പറയണമെന്ന് സമിതി നിർദ്ദേശിച്ചു.

എസ്.സി/എസ്.ടി വിഭാഗത്തിന് സോൾവൻസി തുകയായി 50,000 രൂപ അടയ്ക്കണമെന്ന നിബന്ധന പ്രായോഗികമാണോയെന്ന് സമിതി ആരാഞ്ഞതിന് സോൾവൻസി ഫീസ് ഇനത്തിലല്ല കണക്കാക്കുന്നതെന്നും ഏതെങ്കിലും തരത്തിലുള്ള അന്യായ പ്രവൃത്തി ചെയ്താൽ അതോറിറ്റിക്ക് തുക ഈടാക്കാനാണ് സോൾവൻസി വയ്ക്കുന്നതെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ & ഡയറക്ടർ സമിതിയെ അറിയിച്ചു.

ചട്ടം 33(1)-ൽ റിസർവേഷനെ കുറിച്ച് പറയുന്നിടത്ത് "Persons with Disability" എന്നതിനു പകരം "Differently Abled" എന്നാക്കി തിരുത്തേണ്ടതാണെന്നും എസ്.ആർ.ഒ-യിൽ "Persons with Disability" എന്ന് വരുന്നിടത്തെല്ലാം ആയത് " Differently Abled " എന്നാക്കി മാറ്റണെമന്നും സമിതി നിർദ്ദേശിച്ചു.

ചട്ടം 33(1)-ന്റെ മൂന്നാം ക്ലിപ്തനിബന്ധനയിൽ "Provided further that.... such vacancy shall also be filled up by other reserved categories" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും സെയിൽസ്മാൻ അടക്കമുള്ളവരെയാണോ reserved categories എന്ന് സൂചിപ്പിച്ചിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് " other persons from reserved category " എന്നാണ് ഉദ്ദേശിക്കുന്നതെന്നും സ്ത്രീകളേയും പട്ടികജാതി/ പട്ടികവർഗ്ഗക്കാരെയുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ & ഡയറക്ടർ മറുപടി നൽകി. ആശയക്കുഴപ്പം ഒഴിവാക്കാൻ അക്കാര്യം ചട്ടത്തിൽ വ്യക്തമായി പ്രതിപാദിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ചട്ടം 37(4)-ൽ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് കുടുബാംഗങ്ങൾ തമ്മിൽ തർക്കമുണ്ടെങ്കിൽ സ്ത്രീകൾക്ക് ലൈസൻസ് നൽകണമെന്ന് പറയാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് കടയുടമയുടെ മക്കളിൽ സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ ആർക്ക് വേണമെങ്കിലും ലൈസൻസ് നൽകാമെന്നും തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ ലൈസൻസിംഗ് അതോറിറ്റിക്ക് അത് റദ്ദ് ചെയ്ത ശേഷം പുതിയ അപേക്ഷ ക്ഷണിക്കാമെന്നും അതിന്റെ അടിസ്ഥാനത്തിൽ മറ്റ് റിസർവേഷൻ അനുസരിച്ച് ലൈസൻസ് നൽകുകയും ചെയ്യാമെന്ന് പൊതുവിതരണ വകുപ്പ് കമ്മീഷണർ & ഡയറക്ടർ സമിതിയെ അറിയിച്ചു.

ചട്ടം 37(6) -ന്റെ നാലാമത്തെ വരിയിലെ " may grant license" എന്നുള്ളത് " shall grant license " എന്നാക്കി മാറ്റണമെന്ന് സമിതി നിർദ്ദേശിച്ചു.

ചട്ടം 37-ലെ (1) മുതൽ (6) വരെയുള്ള ഉപചട്ടങ്ങളിലെ നിബന്ധനകളെല്ലാം നിലവിലുള്ള റേഷൻ കടകൾക്ക് മാത്രമാണ് ബാധകമെന്നും പുതിയ റേഷൻ കടകൾക്ക് ബാധകമല്ലെന്നത് വിവേചനപരമാണെന്നും ചട്ടം 37(8)-ൽ, നിയമം നിലവിൽ വന്നതിനുശേഷം പുതിയ റേഷൻ കടയ്ക്ക് ലൈസൻസ് ലഭിച്ചയാൾ മരണപ്പെട്ടാൽ അനന്തരാവകാശികൾക്ക് ലൈസൻസ് ലഭിക്കില്ലെന്ന് പറയുന്നത് ന്യായമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

നിയമം വന്നതിനു ശേഷമുള്ള പുതിയ റേഷൻ കടയുടമകളുടെ മക്കൾക്ക് ലൈസൻസ് നൽകാൻ വ്യവസ്ഥയില്ലെന്നാണ് ചട്ടത്തിൽ പറയുന്നതെന്നും നിലവിലുള്ള റേഷൻ കടയുടമകളുടെ മക്കൾക്ക് ലൈസൻസ് നൽകാൻ വേണ്ടി " One time " എന്നൊരു പ്രൊവിഷൻ ഉണ്ടാക്കിയതാണെന്നും KRO(Kerala Rationing Order) റൂൾസിൽ അത്തരം വ്യവസ്ഥയുള്ളതുകൊണ്ടു മാത്രമാണ് " One time" എന്ന പ്രൊവിഷൻ വച്ചിട്ടുള്ളതെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ & ഡയറക്ടർ സമിതിയെ അറിയിച്ചു.

എഴുപത് വയസ്സ് കഴിഞ്ഞവർക്ക് പുതിയ ലൈസൻസിന് അപേക്ഷിക്കാൻ കഴിയുമോയെന്ന് സമിതി ആരാഞ്ഞതിന് പുതിയ ലൈസൻസിന് അപേക്ഷിക്കാൻ കഴിയില്ലെന്നും എന്നാൽ നിലവിലുള്ളവർക്ക് തുടരുന്നതിന് തടസ്സമില്ലെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ & ഡയറക്ടർ മറുപടി നൽകി.

ചട്ടം 40(എ)-ൽ റേഷൻ കടയുടമകളുടെ സേവനം തൃപ്തികരമല്ലെന്ന് തോന്നുന്ന പക്ഷം താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് ലൈസൻസ് റദ്ദ് ചെയ്യാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് ആയതു സംബന്ധിച്ച് പുതിയൊരു സിസ്റ്റം കൊണ്ടു വരുന്നുണ്ടെന്നും 2012-ലെ പ്രത്യേക ഓർഡർ അനുസരിച്ചാണ് റേഷനിംഗ് ഇൻസ്പെക്ടർമാർ റേഷൻ കടകളിൽ പരിശോധന നടത്തുന്നതെന്നും വലിയ തെറ്റ് വരുത്തുന്നവരെ മാത്രമേ സസ്പെന്റ് ചെയ്യാറുള്ളൂവെന്നും ആദ്യം വാണിംഗ് നൽകാനും രണ്ടാമത് ഫൈൻ ഈടാക്കാനും മൂന്നാമതായി സസ്പെൻഷൻ നടപടിയിലേയ്ക്ക് പോകാനുമാണ് തീരുമാനിച്ചിട്ടുള്ളതെന്നും 2020 ഫെബ്രുവരി മാസം 15-ഓടെ 14 ചോദ്യങ്ങളുൾപ്പെട്ട പുതിയ മൊബൈൽ ആപ്പ് ഏർപ്പെടുത്തുകയാണെന്നും ഒബ്ജക്ട്‌വിറ്റി കൊണ്ടു വരാനാണ് വകുപ്പ് ശ്രമിക്കുന്നതെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ & ഡയറക്ടർ സമിതിയെ അറിയിച്ചു.

ചട്ടം 42(1)(xi)-ൽ "maintain regular,accurate and daily accounts of each food grains" എന്നതിൽ " each food grains" എന്നത് <u>"quantity of each food grains"</u> എന്നാക്കി മാറ്റണമെന്ന് സമിതി നിർദ്ദേശിച്ചു.

ചട്ടം 42(1)(xviii)-ൽ സൂചിപ്പിക്കുന്ന റേഷൻ കടകളിൽ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക്, വിതരണം എന്നിവ സംബന്ധിച്ച് റേഷൻ കാർഡ് ഉടമകളെ എങ്ങനെ അറിയിക്കുമെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ റേഷൻ കടയുടെ പുറത്ത് നോട്ടീസ് പതിപ്പിക്കുകയാണ് ചെയ്യുന്നതെന്നും മറ്റ് സംവിധാനമൊന്നുമില്ലെന്നും റേഷൻ കടകളിൽ എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് സംബന്ധിച്ച മെസ്സേജ്, കാർഡ് ഉടമകളുടെ മൊബൈൽ ഫോണിൽ ലഭിക്കുന്ന സംവിധാനത്തെ കുറിച്ച് ERP(Enterprise Resource Planning) സിസ്റ്റത്തിൽ പറയുന്നുണ്ടെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചതിനെ തുടർന്ന് ഖണ്ഡിക 42(1)(xviii)-ൽ "inform the card holders" എന്നതിനുശേഷം <u>" by electronic means"</u> എന്ന് കൂടി ചേർക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ചട്ടം 42(1)(xxvi)d-യിൽ "Scale of Issue" എന്നത് "Entitlement per person" എന്നാക്കി മാറ്റുന്നതിന് സമിതി നിർദ്ദേശിച്ചു.

ചട്ടം 42(2)(vi)-ൽ " deal in ........" എന്ന വാക്കിനു പകരം "engage in ........." എന്നാക്കി മാറ്റുന്നതിന് സമിതി നിർദ്ദേശിച്ചു.

ചട്ടം 49(1)-ലെ ഡിസിപ്ലിനറി ആക്ഷന്റെ ഭാഗമായി റേഷൻ കടയുടമകളുടെ സസ്പെൻഷന് നോട്ടീസ് നൽകാറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് സസ്പെൻഷന് നോട്ടീസ് നൽകാറില്ലെന്നും സസ്പെൻഡ് ചെയ്ത ശേഷം ബന്ധപ്പെട്ട വ്യക്തിയ്ക്ക് കുറ്റാരോപണ മെമ്മോ നൽകുകയും കമ്മീഷണർ തലത്തിൽ ഹിയറിംഗ് നടത്തുകയും ചെയ്തതിനു ശേഷം മാത്രമേ തുടർനടപടിയിലേയ്ക്ക് പോകുകയുള്ളുവെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു.

എസ്.ആർ.ഒ നമ്പർ 252/2021 സമിതി ഭേദഗതികളോടെ അംഗീകരിക്കുകയും സാധൂകരിക്കുകയും ചെയ്തു. സമിതി നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്ത എസ്.ആർ.ഒ-യുടെ കരട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(2) 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ച് Kerala Targeted Public Distribution System (Control) Order 2021 ആയി പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച വിജ്ഞാപനം

എസ്.ആർ.ഒ നമ്പർ 993/2021

(ഫയൽ നമ്പർ 965/സബ്.സി ജി1/2022/നി.സെ.)

Kerala Targeted Public Distribution System (Control) Order 2021 -ലെ ചട്ടം 37(3)-നു ശേഷം ഒരു ക്ലിപ്തനിബന്ധന ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിനാണ് പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും അതനുസരിച്ചാണ് റേഷൻ വ്യാപാരികളുടെ അനന്തരാവകാശികൾക്ക് ലൈസൻസ് ലഭിക്കുന്നതിന് എസ്.എസ്.എൽ.സി പാസാകേണ്ടതില്ലെന്നും സോൾവൻസി തുക ഒരു ലക്ഷം രൂപ എന്നത് പതിനായിരം രൂപയാക്കി കുറച്ചു കൊണ്ടും സർക്കാർ തീരുമാനമെടുത്തെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ സമിതി സാധൂകരിച്ചു.

പൊതുവിതരണവുമായി ബന്ധപ്പെട്ട ഇ-പോസ് സംവിധാനം റേഷൻ കടകളെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നും പൊതുവിതരണ രംഗത്ത് വലിയ സംവിധാനങ്ങളുമായി മുന്നേറുമ്പോൾ ടെക്നിക്കൽ തകരാർ കാരണം നല്ലൊരു ശതമാനം ഉപഭോക്താക്കൾക്കും റേഷൻ ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ടെന്നും പ്രസ്തുത വിഷയത്തിൽ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഡിസംബർ മാസം 19-ാം തീയതി മുതൽ റേഷൻ വാങ്ങിയവരുടെ കണക്ക് പരിശോധിച്ചപ്പോൾ റേഷൻ വിതരണത്തിൽ വർദ്ധനവാണുണ്ടായതെന്നും സെർവർ തകരാർ അടിയന്തരമായി പരിഹരിച്ചുവെന്നും റേഷൻ വ്യപാരികളുടെ നിർദ്ദേശമനുസരിച്ച് രാവിലെ മുതൽ ഉച്ച വരേയും ഉച്ചയ്ക്ക് ശേഷവുമായി നാല് മണിക്കൂറുകൾ വീതം ക്രമീകരിച്ചു കൊണ്ടാണ് റേഷൻ വിതരണം ചെയ്യുന്നതെന്നും കോവിഡ് പശ്ചാത്തലത്തിൽ വിതരണം അത്തരത്തിൽ തുടരാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും റേഷൻ ലഭിക്കുന്നില്ലെന്ന പരാതി ഇതുവരേയും ലഭിച്ചിട്ടില്ലെന്നും ഭക്ഷ്യ വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

നിലവിൽ റേഷൻ കടയിൽ നിന്നും ഒരാൾ സാധനം വാങ്ങുമ്പോൾ 3 മുതൽ 4 മിനിട്ട് വരെ സമയം എടുക്കുന്നുണ്ടെന്നും എട്ട് വ്യത്യസ്ത ഏജൻസികൾ മുഖേനയാണ് ഇ-പോസ് സംവിധാനം പ്രവർത്തിക്കുന്നതെന്നും പ്രസ്തുത ഏജൻസികളിൽ ഏതെങ്കിലുമൊന്ന് പ്രവർത്തിക്കാതെ വന്നാൽ റേഷൻ വിതരണം തടസ്സപ്പെടുമെന്നും സിവിൽ സപ്ലൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു.

റേഷൻ വിതരണത്തിലെ തകരാർ പരിഹരിക്കുന്നതിനുള്ള ഇടപെടൽ വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഇ-പോസ് മെഷീനിന്റെ തകരാർ കാരണമല്ല റേഷൻ വിതരണം തടസ്സപ്പെട്ടതെന്നും ഒരു സെക്കന്റിൽ 800 ട്രാൻസാക്ഷൻ എന്ന രീതിയിലാണ് സെർവറിന്റെ കപ്പാസിറ്റിയെന്നും ട്രാൻസാക്ഷൻ 1000-ന് മുകളിൽ പോയ ദിവസങ്ങളിലാണ് റേഷൻ വിതരണം തടസ്സപ്പെട്ടതെന്നും സെർവറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്ന നടപടിയും പഴയ ഡേറ്റ മാറ്റുന്ന പ്രവർത്തനങ്ങളും നടന്നു കൊണ്ടിരിക്കുയാണെന്നും അത് പൂർത്തിയാകുമ്പോൾ ഇ-പോസ് സംവിധാനം കാര്യക്ഷമമാകുമെന്നും സിവിൽ സപ്ലൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു.

" അന്നവിത്രൻ പോർട്ടൽ" മുഖേനയാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നതെന്നും റേഷൻ വിതരണം മാനുവലായി നടത്തിയാൽ പ്രസ്തുത പോർട്ടലിൽ ആട്ടോമാറ്റിക്കായി അപ്ഡേഷൻ നടക്കാത്തതു കൊണ്ട് സബ്സിഡി നഷ്ടമാകുമെന്നും അങ്ങനെ നഷ്ടമായ 118 കോടി രൂപ തിരിച്ചു കിട്ടാനുള്ള അപേക്ഷ നൽകിയിട്ടുണ്ടെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു.

പ്രളയത്തിൽ റേഷൻ കടകൾക്കുണ്ടായ നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകിയോയെന്ന് സമിതി അംഗം ആരാഞ്ഞതിന് നഷ്ടപരിഹാരം പൂർണ്ണമായി നൽകി കഴിഞ്ഞിട്ടില്ലായെന്ന് ഭക്ഷ്യ വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

3) കേരള ഉപഭോക്തൃ സംരക്ഷണ ചട്ടങ്ങൾ 2021(കാലതാമസ പത്രിക സഹിതം)

എസ്.ആർ.ഒ നമ്പർ 359/2021

(ഫയൽ നമ്പർ 15830/സബ്.സി ജി1/2021/നിസെ)

കേരള ഉപഭോക്തൃ സംരക്ഷണ ചട്ടങ്ങളുണ്ടാക്കുന്നതു കൊണ്ട് സ്റ്റേറ്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലിന്റെ ചുമതലകൾ എന്താണെന്ന് സമിതി ആരാഞ്ഞതിന് സ്റ്റേറ്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ കൺസ്യൂമർ റിഡ്രസ്സൽ ഫോറത്തിന്റെ ഭാഗമാണെന്ന് പൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു.

ഡിസ്ട്രിക്ട് കൗൺസിൽ രൂപീകരിച്ചതെന്തിനാണെന്ന് സമിതി ആരാഞ്ഞതിന് കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ ആക്ട്, 2019-ന്റെ രണ്ടാമത്തെ ചാപ്റ്ററിൽ സെക്ഷൻ 9-ൽ ഡിസ്ട്രിക്ട് കൗൺസിലിന്റെ ലക്ഷ്യങ്ങളെ കുറിച്ച് പരാമർശിക്കുന്നുണ്ടെന്നും ഒരു ജില്ലയ്ക്കുള്ളിൽ ഉപഭോക്തൃ അവകാശങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള ഉപദേശങ്ങൾ നൽകുകയാണ് ഡിസ്ട്രിക്ട് കൗൺസിലിന്റെ പ്രധാന ലക്ഷ്യമെന്നും 2019-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടിന്റെ സെക്ഷൻ102(1) പ്രകാരം സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ള കാര്യങ്ങൾ മാത്രമാണ് എസ്.ആർ.ഒ-യിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതെന്നും പൊതുവിതരണ വകുപ്പ് ലോ ഓഫീസർ സമിതിയെ അറിയിച്ചു.

കേന്ദ്ര നിയമത്തിന്റെ ചുവടു പിടിച്ച് അനുബന്ധ നിയമമുണ്ടാക്കിയത് അതിനെ കൂടുതൽ സമ്പുഷ്ടീകരിക്കാനാണെന്നും സംസ്ഥാനത്തിന്റെ ആവശ്യകതയനുസരിച്ച് ആക്ടിന്റെ ഉള്ളടക്കത്തിൽ മാറ്റം വരാതെ രൂപകൽപ്പന ചെയ്ത് ഘടനയുണ്ടാക്കുക എന്നതാണ് ഒരു റൂൾ കൊണ്ടുദ്ദേശിക്കുന്നതെന്നും പ്രസ്തുത റൂളിൽ ഡിസ്ട്രിക്ട് കൗൺസിൽ അതോറിറ്റിയുടെ ഓഫീസ്, കൗൺസിൽ അംഗങ്ങളുടെ വീട്ടു വാടക, യാത്രാബത്ത, മെഡിക്കൽ അലവൻസ്, ലീവ് തുടങ്ങിയ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും ഡിസ്ട്രിക്ട് കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്താണെന്ന് സൂചിപ്പിച്ചിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത ചട്ടങ്ങൾ 2021 ഏപ്രിൽ 13-ാം തീയതി പ്രസിദ്ധപ്പെടുത്തിയെന്നും കൗൺസിലിൽ ആരേയും നിയമിച്ചിട്ടില്ലായെന്നും പ്രസ്തുത ചട്ടങ്ങളിലുള്ള വ്യവസ്ഥകളെല്ലാം ഇതിന് മുൻപുണ്ടായിരുന്ന കൺസ്യൂമർ പ്രൊട്ടക്ഷൻ റൂൾസിൽ നിന്നും അഡോപ്റ്റ് ചെയ്തതാണെന്നും സ്റ്റേറ്റ് കൗൺസിലിനും ഡിസ്ട്രിക്ട് കൗൺസിലിനും സർക്കാരിനെ അഡ്വൈസ് ചെയ്യാൻ മാത്രമേ അധികാരമുള്ളൂ എന്നും പ്രൊമോഷൻ ആന്റ് പ്രൊട്ടക്ഷൻ ഓഫ് കൺസ്യൂമർ റൈറ്റ്സ് ആണ് കൗൺസിലിന്റെ ചുമതലയെന്നും പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഡിസ്ട്രിക്ട് കൗൺസിലിന് ഉപദേശക സ്വഭാവമാണെന്ന് റൂളിൽ പറഞ്ഞിട്ടുണ്ടെങ്കിലും അത് മാത്രം പോരായെന്നും ഉപഭോക്തൃ പരാതികളും ആവശ്യങ്ങളും അറിയിക്കാനുള്ള ഫോറമായിട്ടാണ് രൂപകൽപ്പന ചെയ്യേണ്ടിയിരുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് 2019(Chapter IV)-ന്റെ സെക്ഷൻ 28-ൽ establishment of District Consumer Disputes Redressal Commission-നെ കുറിച്ച് പറയുന്നുണ്ടെന്നും CDRF(Consumer Disputes Redressal Forum) എന്നത് CDRC(Consumer Disputes Redressal commission) ആയി മാറുകയും അതിനു മുകളിൽ കൗൺസിൽ വരികയും ചെയ്തുവെന്നതാണ് ഭേദഗതിയെന്നും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ചട്ടം 25-ൽ "Manner of authentication of goods.....for analysis and testing" എന്നത് CDRF-നു വേണ്ടിയാണ് പറയുന്നതെന്നും കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് 2019(Chapter IV)ന്റെ സെക്ഷൻ 38(2)(C) " procedure on admission of complaint" പ്രകാരമാണ് ചട്ടം 25 തയ്യാറാക്കിയിരിക്കുന്നതെന്നും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഡിസ്ട്രിക്ട് കമ്മീഷന് സാധനങ്ങൾ ടെസ്റ്റ് ചെയ്യാനുള്ള അധികാരമുണ്ടെങ്കിൽ അത് ചട്ടത്തിൽ സൂചിപ്പിക്കേണ്ടതാണെന്നും കേന്ദ്ര സർക്കാരിന്റേത് മോഡൽ റൂൾസ് ആണെന്നും കൗൺസിലിന്റെയും കമ്മീഷന്റെയും പ്രവർത്തനം, അധികാരം എന്നിവ വേർതിരിച്ച് റൂൾസിൽ പ്രതിപാദിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് കേരള ഉപഭോക്തൃ ചട്ടങ്ങൾ മോഡിഫൈ ചെയ്യാമെന്ന് സിവിൽ സപ്ലൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു.

സമിതി നിർദ്ദേശിച്ച മാറ്റങ്ങൾ പരിശോധിച്ച് റൂളിൽ വ്യക്തത വരുത്തി തയ്യാറാക്കുന്ന കരട് ചട്ടം സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കാൻ വകുപ്പിന് നിർദ്ദേശം നൽകി.

4) <u>സഹകരണ ചട്ടങ്ങളിൽ ജീവനക്കാർക്ക് ജനനതീയതി തിരുത്തുന്നതിനുള്ള വ്യവസ്ഥ KCS ആക്ടിലെ Rule 197 ഭേദഗതി സംബന്ധിച്ച്(കാലതാമസ പത്രിക സഹിതം)</u>

എസ്.ആർ.ഒ നമ്പർ 365/2021

(ഫയൽ നമ്പർ12270/സബ്.സി ജി1/2021/നിസെ)

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജനനതീയതി തിരുത്തുന്നതിനുള്ള വ്യവസ്ഥകൾ കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഇല്ലാത്തതിനാൽ റൂൾ 197 ഭേദഗതി ചെയ്യുന്നതിന് WP(C) No.2586/2015 കേസിൽ ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം

വരുത്തിയ ഭേദഗതിയാണെന്നും സഹകരണ നിയമത്തിൽ മാത്രമാണ് ജീവനക്കാരുടെ ജനനത്തീയതി തിരുത്തുന്നതിനുള്ള വ്യവസ്ഥയില്ലാതിരുന്നതെന്നും സ്കൂൾ സർട്ടിഫിക്കറ്റിലെ ജനനത്തീയതിയിൽ തിരുത്തൽ വരുത്തിയാൽ റിട്ടയർമെന്റിന് രണ്ടു വർഷം മുൻപും ഭേദഗതി ചെയ്യാനുള്ള ഉത്തരവിറങ്ങി ഒരു വർഷത്തിനുള്ളിലും സർവ്വീസ് ബുക്കിലെ ജനനത്തീയതിയിൽ തിരുത്തൽ വരുത്തുന്നതിനുള്ള ഭേദഗതിയാണിതെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ സമിതി സാധൂകരിച്ചു.

5) ഫിഷറീസ് വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന മത്സ്യ തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ,സഹകരണ സംഘം നിയമത്തിലെ അനുബന്ധം III,8 എ(സി)യിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് (കാലതാമസ പത്രിക സഹിതം)

എസ്.ആർ.ഒ നമ്പർ 370/2021

(ഫയൽ നമ്പർ 12272/സബ്.സി ജി1/2021/നിസെ)

ഫിഷറീസ് വകുപ്പിന്റെ അഭ്യർത്ഥന പ്രകാരം വരുത്തിയ ഭേദഗതിയാണെന്നും മത്സ്യലേലത്തിലൂടെ ലഭിക്കുന്ന നിശ്ചിത ശതമാനം തുകയാണ് മത്സ്യത്തൊഴിലാളികളുടെ പ്രധാന വരുമാനമെന്നും ഉൾനാടൻ മേഖലയിലും ഡാമുകളുടെ പരിസരത്തുമുള്ള വനിതാസംഘങ്ങൾക്ക് സമുദ്രമത്സ്യലേലത്തിൽ നിന്നുള്ള വരുമാനം ലഭിക്കാനുള്ള സാഹചര്യമില്ലാത്തതിനാൽ മത്സ്യമേഖലയിൽ നിന്നുള്ള ഉപോല്പന്നങ്ങളിലൂടെയും അനുബന്ധ മേഖലകളിൽ നിന്നുള്ള വിറ്റുവരവും കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്യണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള എസ്.ആർ.ഒ-യാണിതെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ സമിതി സാധൂകരിച്ചു.

6) മൂവാറ്റുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചു കൊണ്ടുള്ള വിജ്ഞാപനം സംബന്ധിച്ച് (കാലതാമസ പത്രിക സഹിതം)

എസ്.ആർ.ഒ നമ്പർ 355/2021

(ഫയൽ നമ്പർ 12271/സബ്.സി ജി1/2021/നിസെ)

മൂവാറ്റുപുഴ പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കിലെ പാർട്ട് -ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി 29-12-2020 മുതൽ 28-6-2021 വരെ ദീർഘിപ്പിച്ച് നൽകിയത് സംബന്ധിച്ച് പുറപ്പെടുവിച്ച വിജ്ഞാപനമാണിതെന്നും 30-3-2021-നാണ് ഉത്തരവിറങ്ങിയതെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത ഉത്തരവില്ലാതെ ജനുവരി,ഫെബ്രുവരി മാസങ്ങളിൽ അഡ്മിനിസ്ട്രേറ്റർ എങ്ങനെയാണ് പ്രവർത്തിച്ചതെന്നും മുൻകാല പ്രാബല്യത്തോടെയെന്ന് ഉത്തരവിൽ പരാമർശിക്കേണ്ടതല്ലേയെന്നും ആറ് മാസത്തെ കാലാവധി ദീർഘിപ്പിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ സാധൂകരണത്തിനായി ഒരു വർഷം കഴിഞ്ഞാണ് സമിതിയിൽ സമർപ്പിച്ചിരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

2021 ജൂണിനു ശേഷം കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ ആയത് സംബന്ധിച്ച ഫയൽ പരിശോധിച്ച് മറുപടി നൽകാമെന്ന് സഹകരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

പ്രസ്തുത എസ്.ആർ.ഒ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനു മുൻപ് തന്നെ അതിന്റെ ഡ്രാഫ്റ്റ് കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതായിരുന്നുവെന്നും അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ഡിസംബർ മാസത്തിൽ അവസാനിച്ചിട്ടും മാർച്ച് 31-നാണ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള ഉത്തരവിറങ്ങിയതെന്നും അതിന് മുൻകാല പ്രാബല്യം കൊടുത്തിട്ടില്ലെന്നും അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചിരിക്കുന്നത് പൊതുജനതാൽപര്യം എന്നാണ് വകുപ്പ് പറഞ്ഞിരിക്കുന്നതെന്നും അത് എന്താണെന്ന് വ്യക്തമാക്കണമെന്നും അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയതിന് തൃപ്തികരമായ വിശദീകരണ മില്ലാത്തതാണ് വിഷയമെന്നും സമിതി അഭിപ്രായപ്പെട്ടു.

അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കണമെന്ന എറണാകുളം അഡ്മിനിസ്ട്രേറ്റീവ് കൺട്രോളുള്ള ജോയിന്റ് രജിസ്ട്രാറുടെ ശിപാർശ 12-1-2021-ൽ രജിസ്ട്രാർക്ക് ലഭ്യമായതിനെ തുടർന്ന് 15-2-2021-നാണ് ആയതു സംബന്ധിച്ച കത്ത് സർക്കാരിലേയ്ക്ക് ലഭിക്കുന്നതെന്നും അതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും കാലാവധി ദീർഘിപ്പിച്ച് നൽകിയ ഫയലും നിയമ വകുപ്പിലേയ്ക്ക് അയച്ച ഫയലും പരിശോധിച്ച ശേഷം രേഖാമൂലം വിശദമായ മറുപടി സമർപ്പിക്കാമെന്ന് സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഫയൽ പരിശോധിച്ച ശേഷം സമിതി മുന്നോട്ടു വച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ റൂളിലുള്ള പിഴവുകൾ തിരുത്തി സമിതി മുൻപാകെ സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും അപ്രകാരം ചെയ്യാമെന്ന് സഹകരണ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകുകയും ചെയ്തു.

7) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 20,22,26,27,28,30,31 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 12004/സബ്.സി ജി1/2021/നിസെ)

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 20,22,26,27,28,30,31 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സമിതി പരിഗണിക്കുകയും പ്രസ്തുത ഖണ്ഡികകളിന്മേലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

8) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 5-ലെ ശിപാർശയിന്മേൽ സമിതി ആരാഞ്ഞ റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച് സഹകരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരറിപ്പോർട്ട്

(ഫയൽ നമ്പർ 1686/സബ്.സി ജി1/2020/നിസെ)

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 5-ലെ ശിപാർശയിന്മേൽ 2-7-2021-ലെ സമിതി യോഗത്തിൽ ആരാഞ്ഞ റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ, റിസ്ക് ഫണ്ട് അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ എന്നിവയെ കുറിച്ച് സഹകരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരറിപ്പോർട്ട് സമിതി അംഗീകരിച്ചു.

യോഗം വൈകുന്നേരം 4.30-ന് അവസാനിച്ചു.